വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2022
മെയ്

Coirfed

# കയർ
## വ്യവസായം


(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



വാഴമുട്ടം കയർത്തൊഴിലാളി സമരത്തെക്കുറിച്ച്
സമര നായകൻ ആനത്തലവട്ടം ആനന്ദൻ എഴുതുന്നു

## കനൽ വഴികളിലെ രക്ത താരകം: വാഴമുട്ടം അമ്മു

## ജനകീയ കരുത്തിൽ മുന്നോട്ട്


Coirfed
Deep Sleep
MATTRESS
Wake up to good health
Coirfed
Coirfed
The Kerala State Co-operative Coir Marketing Federation Ltd. No.679
PB.No.4616, Alappuzha, Kerala, India, Tel + 91 477 2243627, 2243628,2243629, Fax: +91 477 2244013
E-mail: coirfedho@gmail.com. Website: www.coirfed.com, www.coirfed.kerala.gov.in

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-5, No.- 10**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**V.R. Vinod IAS**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06




PAGE 09



തുല്യ പ്രാതിനിധ്യം
അനിവാര്യം: കേരള നിയമസഭ
സംഘടിപ്പിച്ച വനിതാ സാമാജികരുടെ
ദേശീയ സമ്മേളനത്തിന്റെ റിപ്പോർട്ട്

PAGE 17



കഥ: പരൽമീനുകളുടെ
ചുംബനം
ജ്യോതി ടാഗോർ

PAGE 20



വലിയ സ്വപ്നങ്ങളോടെ
കുതിച്ചുയരുന്ന
വെള്ളൂർ കെ.പി.പി.എൽ.

PAGE 24



കനൽ വഴികളിലെ
രക്തതാരകം:
വാഴമുട്ടം അമ്മു

**ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

**കയർ**
**വ്യവസായം**

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29







# എഡിറ്റോറിയൽ

## തമിഴ്നാട് കയറിന്റെ ഭീഷണി: ഒറ്റക്കെട്ടായി മറികടക്കണം

എഡിറ്റോറിയൽ

ആധുനീകരണവും യന്ത്രവത്കരണവും മൂലം തമിഴ്നാട്ടിലെ കയർവ്യവസായം നാൾക്കുനാൾ ചെല്ലുന്തോറും അഭിവൃദ്ധിയിലേക്ക് കുതിക്കുകയാണ്. ചകിരിച്ചോറിന്റെ വിപണിമൂല്യം വർദ്ധിച്ചത് വഴി വരുമാനലാഭം ലഭിക്കുന്നതുകൊണ്ട് ചകിരി പരമാവധി വിലകുറച്ച് വിൽക്കുന്നതിന് തമിഴ്നാട് സംരംഭകർക്ക് കഴിയുന്നു. ഇങ്ങനെ അവർ ഉത്പാദിപ്പിക്കുന്ന ചകിരി പ്രതിദിനം 80 കിലോഗ്രാം ഉത്പാദനക്ഷമതയുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉപയോഗിച്ച് കയറായി രൂപാന്തരപ്പെടുത്തി ഇന്ത്യമുഴുവൻ ലഭ്യമാക്കി തുടങ്ങിയിരിക്കുകയാണ്. ഇന്ന് ആഭ്യന്തര മാർക്കറ്റിൽ വിറ്റഴിക്കുന്ന കയറിന്റെ മുക്കാൽപങ്കും തമിഴ്നാടിന്റെ സംഭാവനയാണ്.

തമിഴ്നാട്ടിൽനിന്നുള്ള യന്ത്രക്കയർ വൻതോതിൽ ഇപ്പോൾ കേരളത്തിലെ കയർ ഉത്പന്ന നിർമ്മാണ മേഖലയിലും വിനിയോഗിച്ചു തുടങ്ങിയിരിക്കുന്നു. കേരളത്തിലെ കയറിനെക്കാൾ വലിയ തോതിൽ വില കുറച്ചാണ് തമിഴ്നാട് കയർ ഇവിടെ വിറ്റഴിക്കപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളും കയർ ഉത്പന്ന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘങ്ങൾ പോലും തമിഴ്നാട് കയർ വിനിയോഗിച്ച് ഉത്പന്നങ്ങൾ നിർമ്മിച്ച് തുടങ്ങിയിരിക്കുന്നു എന്നത് കയർ മേഖലയിലെ പ്രതിസന്ധി വർദ്ധിപ്പിക്കുവാൻ ഇടയാക്കിയിരിക്കുന്നു.

കയർഫെഡ് സംഭരിച്ച കയർ വിറ്റഴിക്കാനാവാതെ കെട്ടിക്കിടക്കുന്ന ഗുരുതരമായ സാഹചര്യം രൂപപ്പെട്ടിട്ട് മാസങ്ങൾ പിന്നിട്ടിരിക്കുന്നു. ഏകദേശം 35 കോടിയോളം രൂപ വിലവരുന്ന 60,000 ലധികം ക്വിന്റൽ കയർ കയർഫെഡിന്റെ സ്വന്തം ഗോഡൗണിലും വാടകയ്ക്കെടുത്ത 15-ലേറെ ഗോഡൗണുകളിലുമായി കെട്ടിക്കിടക്കുകയാണ്. കെട്ടിക്കിടക്കുന്ന കയറിന്റെ 10-15 ശതമാനത്തോളം കയർ ഇതിനകം ഉറഞ്ഞ് നശിച്ചു തുടങ്ങിയിരിക്കുന്നു. ഈ സ്ഥിതിവിശേഷം ആറുമാസം കൂടി തുടർന്നാൽ അവശേഷിക്കുന്ന കയറും ഉറഞ്ഞ് നശിച്ച് പോകാൻ സാധ്യതയുണ്ട്.

മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസ്സിസ്റ്റന്റ് (എം.ഡി.എ) ഉൾപ്പെടെയുള്ള സർക്കാർ സഹായങ്ങൾ വാങ്ങുന്ന കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങളും കയർ ഉത്പന്ന നിർമ്മാണ സംഘങ്ങളും കേരളത്തിലെ കയർ ഉപയോഗിച്ച് ഉത്പന്ന നിർമ്മാണം നടത്തണമെന്ന ശക്തമായ നിർദേശം സർക്കാർ നൽകേണ്ടതാണ്. ഈ ഗുരുതരമായ സാഹചര്യം മനസ്സിലാക്കി എല്ലാവരും ഉണർന്നു പ്രവർത്തിക്കണം എന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ




ജനകീയ കരുത്തിൽ മുന്നോട്ട്

### വിധ്വംസക നീക്കങ്ങളും കുപ്രചരണങ്ങളും വിലപ്പോവില്ല

# ജനകീയ കരുത്തിൽ മുന്നോട്ട്

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

സർവ്വതല സ്പർശിയും സാമൂഹ്യനീതിയിലധിഷ്ഠിതവുമായ വികസനമാണ് കേരളത്തിലെ സർക്കാർ ഉയർത്തിപ്പിടിക്കുന്ന കാഴ്ചപ്പാട്. അതു യാഥാർഥ്യമാക്കാൻ ഉതകുന്ന ഇടപെടലുകളാണു നടത്തിക്കൊണ്ടിരിക്കുന്നത്.ഇതിന്റെ ഫലമായി ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും കേരളം നിരവധി നേട്ടങ്ങൾക്ക് അർഹമായി. വിധ്വംസക നീക്കങ്ങളും കുപ്രചരണങ്ങളുംകൊണ്ട് ഇതെല്ലാം തമസ്കരിക്കാനും അട്ടിമറിക്കാനുമുള്ള ശ്രമമാണ് ഒരു കൂട്ടർ നടത്തുന്നത്. എന്നാൽ പ്രഖ്യാപിച്ച ഒരു പദ്ധതികളിൽ നിന്നും പിറകോട്ട് പോകില്ല. ഏറ്റെടുത്ത എല്ലാപദ്ധതികളും പൂർത്തീകരിക്കാൻ സർക്കാൻ പ്രതിജ്ഞാബദ്ധമാണ്. പ്രകടന പത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പാക്കും. ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നതു പ്രോഗ്രസ് റിപ്പോർട്ടിലൂടെ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുകയും ചെയ്യും. അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. സിൽവർ ലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്കെതിരായ കുപ്രചാരണങ്ങൾ തുറന്നുകാട്ടി ജനങ്ങളുടെ പിന്തുണയോടെയും പങ്കാളിത്തത്തോടെയും അവ നടപ്പാക്കും. ഏതു തരത്തിലുള്ള എതിർപ്പുകളേയും വിധ്വംസക നീക്കങ്ങളേയും കുപ്രചരണങ്ങളേയും മറികടക്കാനുള്ള കരുത്ത് ജനങ്ങൾ ഈ സർക്കാരിനു പകർന്നു നൽകുന്നുണ്ട്.

തെരഞ്ഞെടുപ്പു പ്രകടന പത്രികയിൽ നൽകിയ 900 വാഗ്ദാനങ്ങൾ നടപ്പാക്കി സ്ഥായിയായ ഒരു വികസന മാതൃക യാഥാർഥ്യമാക്കാനാണു ലക്ഷ്യമിടുന്നത്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങളുമായി ബന്ധപ്പെട്ട ആദ്യ വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് ജൂൺ രണ്ടിനു നടക്കുന്ന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിൽ ജനങ്ങൾക്കു സമർപ്പിക്കും.

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ സംസ്ഥാനത്ത് ഇതിനോടകം 2,95,000 വീടുകൾ ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകി. അത് ഉടൻ 3 ലക്ഷമായി ഉയർത്തും. 2017 മുതൽ 31.03.2021 വരെ ലൈഫ് പദ്ധതി പ്രകാരം 2,62,131 വീടുകളുടെയും തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 32,875 വീടുകളും ഉൾപ്പെടെയാണ് 2,95,006

വീടുകളുടെ നിർമാണം 6 വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞത്. പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 1003 വീടുകളും 276 ഫൽറ്റുകളും കൈമാറി. 114 ഫൽറ്റുകളുടെ പണിപൂർത്തിയായിട്ടുണ്ട്. ഇത് ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് കൈമാറും. കൂടാതെ 784 ഫൽറ്റുകളുടെയും 1121 വീടുകളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്.

ഭൂരഹിത ഭവന രഹിതർക്കായുള്ള ഭവന നിർമ്മാണം പ്രത്യേക ലക്ഷ്യമായി കാണും. ഭൂരഹിതർക്കു വീട് നിർമാണത്തിന് ഭൂമി കണ്ടെത്തുന്നതിന് മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 39.97 ഏക്കർ ഭൂമി ഇതിനകം ലഭിച്ചു. അങ്ങനെ ലഭിക്കുന്ന ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനു ലൈഫ് മിഷനാണു സഹായം നൽകുന്നത്. 39 ഭവന സമുച്ചയങ്ങൾ ലക്ഷ്യമിട്ടതിൽ 32 എണ്ണത്തിന്റെ നിർമാണം പുരോഗതിയിലാണ്. ഇതിൽ 10 ഫൽറ്റുകൾ അടുത്ത ആറു മാസത്തിനുള്ളിൽ പൂർത്തീകരിക്കും.


നാളത്തെ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കും. അതിനായി കേരളത്തെ വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും പരിവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇതുവരെയുള്ള കണക്കുകളനുസരിച്ചു 3,95,338 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2021 മെയ് 21 മുതൽ 2022 ഏപ്രിൽ 30 വരെ ആകെ 22,345 പേർക്കു പി.എസ്.സി. വഴി നിയമന ശിപാർശ നൽകി. കഴിഞ്ഞ സർക്കാർ 1,61,361 പേർക്കാണ് നിയമന ശുപാർശ നൽകിയത്. കഴിഞ്ഞ 6 വർഷത്തെ മൊത്തം നിയമന ശുപാർശ 1,83,706 ആണ്. ഭരണ നിർവഹണ രംഗത്തെ സുപ്രധാന ആവശ്യവും ആഗ്രഹവുമായ കേരള അഡ്മിനിസ്ട്രേറ്റിവ് സർവ്വീസ് (കെ.എ.എസ്) ഈ കാലയളവിൽ യാഥാർഥ്യമായി. നൂറ്റിയഞ്ചുപേർക്ക് നിയമനം നൽകുകയും അവരുടെ ട്രെയിനിങ് ആരംഭിക്കുകയും ചെയ്തു. കേരള നോളജ് ഇക്കണോമി മിഷൻ ആരംഭിച്ചു. സജ്ജമാക്കിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഇതുവരെ 3,14,588 തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോവിഡ് കാലയളവിൽ സംസ്ഥാനത്തെ മൂന്ന് ഐ.ടി പാർക്കുകളിലുമായി 10,400 പുതിയ തൊഴിലവസരങ്ങളിൽ സൃഷ്ടിച്ചു. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലായി 181 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. ഈ പാർക്കുകളിലായി ആകെ 29 ലക്ഷം ചതുരശ്ര അടി സ്ഥല സൗകര്യങ്ങൾ നിർമിതിയിലാണ്.

2021–22 കാലയളവിൽ യുവകേരളം പദ്ധതി മുഖേന 1666 പേർക്കും ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന) പദ്ധതി മുഖേന 4430 പേർക്കും ആകെ 6096 പേർക്ക് നൈപുണി പോഷണവും തൊഴിലും നൽകാൻ സാധിച്ചു. 981 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1186 ജനകീയ ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. ശേഷിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 13.14 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി ഉയർത്തുമെന്നും ശരാശരി പ്രവൃത്തി ദിനങ്ങൾ 50.55ൽ നിന്ന് 75 ആയി ഉയർത്തുമെന്നും നൽകിയ വാഗ്ദാനം ആദ്യ വർഷം തന്നെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. 16.45 ലക്ഷം കുടുംബങ്ങളും 18.99 ലക്ഷം വ്യക്തിക









ളുമായി തൊഴിലെടുക്കുന്നവരുടെ എണ്ണം ഉയർന്നു. തൊഴിൽ ദിനങ്ങൾ ശരാശരി 64.41 ആയി വർദ്ധിച്ചു.

ഭൂരഹിതർക്ക് 15,000 പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം കവിഞ്ഞ് 33,530 പട്ടയങ്ങൾ വിതരണം ചെയ്തു. ഈ വർഷം ആകെ 47,030 പട്ടയങ്ങളാണ് വിതരണം ചെയ്തത്. ഉടൻ വിതരണം ചെയ്യാനായി 3,570 പട്ടയങ്ങൾ സജ്ജമാണ്. കെ ഫോൺ പദ്ധതിയുടെ കണക്ഷൻ 20,750 ഓഫീസുകൾക്ക് നൽകി. പദ്ധതിയുടെ ഭാഗമായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ (കേബിളുകൾ വലിക്കുന്നതും, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്റർ, പോയന്റ്സ് ഓഫ് പ്രസൻസസ്, എൻഡ് ഓഫീസ് ഇൻസ്റ്റലേഷന് ഒരുക്കൽ) പുരോഗമിക്കുന്നു. 140 നിയമസഭാ മണ്ഡലങ്ങളിലായി ഒരോ മണ്ഡലത്തിലും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14,000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുന്നു.

മൂല്യവർദ്ധിത റബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. പാലക്കാട് നിർമ്മിക്കുന്ന സംയോജിത റൈസ് ടെക്നോളജി പാർക്കിന്റെ വിശദമായ പദ്ധതി രേഖ തയാറാക്കിയിട്ടുണ്ട്. വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചു. ചേർത്തല ഫുഡ്പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 12.5 കോടി മുതൽമുടക്കിൽ സ്പൈസസ് പാർക്കിന്റെ ആദ്യ ഘട്ടം ഇടുക്കി ജില്ലയിലെ മുട്ടത്ത് പുരോഗമിക്കുന്നു.

ടൂറിസം മേഖലയിൽ ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 2021ൽ 2020നെ അപേക്ഷിച്ച് 51% വർദ്ധനവ് രേഖപ്പെടുത്തിക്കഴിഞ്ഞു. വിദേശ വിനോദ സഞ്ചാരികളുടെ വരവും ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ട്. 56 പ്രവാസി സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനായി. സംസ്ഥാന തലത്തിൽ പ്രവാസി സഹകരണ സംഘത്തിനു രൂപം നൽകി. 202122 ൽ 74776 കൃഷി സംഘങ്ങളിലായി 29246.34 ഹെക്ടർ സ്ഥലത്തു കൃഷി ചെയ്തു ഉപജീവന മാർഗ്ഗം കണ്ടെത്തി. 441821 കുടുംബങ്ങളിൽ അഗ്രി ന്യൂട്രി ഗാർഡൻ ആരംഭിച്ചു. 2021-22 സാമ്പത്തിക വർഷം കേരള കാഷ്യൂ ബോർഡ് 12763.402 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും അവ വിതരണം ചെയ്തു. 2021-22 വർഷത്തിൽ 120 കോടി രൂപയുടെ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. 9.36 ലക്ഷം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

***(സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷിക ദിനത്തിൽ മുഖ്യമന്ത്രി നടത്തിയ വാർത്താ സമ്മേളനത്തെ അധികരിച്ച് തയ്യാറാക്കിയത്)***



# തുല്യ പ്രാതിനിധ്യം അനിവാര്യം

**കേരള നിയമസഭ സംഘടിപ്പിച്ച വനിതാ സാമാജികരുടെ ദേശീയ സമ്മേളനമായ നാഷണൽ വിമെൻ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരള 2022 നെക്കുറിച്ചുള്ള റിപ്പോർട്ട്**




നാഷണൽ വിമെൻ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരള 2022

**രാ**ജ്യത്തെ നിയമനിർമാണ സഭകളിൽ പുരുഷനും സ്ത്രീക്കും തുല്യപ്രാതിനിധ്യം ഉറപ്പാക്കണമെന്ന് കേരള നിയമസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാ സാമാജികരുടെ ദ്വിദിന ദേശീയ സമ്മേളനം ആവശ്യപ്പെട്ടു. സമ്മേളനത്തോടനുബന്ധിച്ചു ചേർന്ന 'ഭരണഘടനയും വനിതകളുടെ അവകാശങ്ങളും' എന്ന ശിൽപശാലയിലാണ് ഈ അഭിപ്രായം വനിതാ സാമാജികർ ശക്തമായി അവതരിപ്പിച്ചത്.

വനിതകൾക്ക് 33 ശതമാനം സംവരണമെന്നത് യാഥാർത്ഥ്യമാകാൻ ഇനിയുമൊരു 75 വർഷമാകുമെന്ന സ്ഥിതിയാണെന്ന് ശിൽപശാലയിൽ സംസാരിച്ച മുൻ എം. പി വൃന്ദാകാരാട്ട് അഭിപ്രായപ്പെട്ടു.

പാർലമെന്റിൽ 35 ശതമാനം സംവരണം ഉറപ്പാക്കാൻ രാഷ്ട്രീയ, ഭാഷ, ദേശഭേദമന്യേ സ്ത്രീകൾ ഒറ്റക്കെട്ടായി നിൽക്കണമെന്നും വൃന്ദാകാരാട്ട് പറഞ്ഞു. വനിതകൾക്ക് 33 ശതമാനം സംവരണം എന്നത് എല്ലാ രാഷ്ട്രീയ കക്ഷികളും പിന്തുണച്ചതാണ്. പ്രകടന പത്രികയിൽ മിക്കവരും ഇത് ഉൾപ്പെടുത്തുകയും ചെയ്തു. മറ്റു പല ബില്ലുകളും വേഗത്തിൽ പാസായെങ്കിലും ഈ ബിൽ പാസാക്കാൻ എന്താണ് തടസമെന്ന് മനസിലാകുന്നില്ലെന്ന് ഡി.എം.കെ. നേതാവും പാർലമെന്റ് അംഗവുമായ കനിമൊഴി കരുണാനിധി പറഞ്ഞു. വനിതകൾക്ക് 50 ശതമാനം സംവരണമാണ് വേണ്ടതെന്ന് ഗുജറാത്ത് നിയമസഭാ സ്പീക്കർ നിമബെൻ ആചാര്യ അഭിപ്രായപ്പെട്ടു. ആദ്യ ലോക്സഭയിൽ അഞ്ച് ശതമാനം സ്ത്രീകളാണുണ്ടായിരുന്നതെന്ന് ബൃന്ദാ കാരാട്ട് പറഞ്ഞു.

പല സമിതികളിലും സ്ത്രീ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എങ്കിലും ചർച്ചകളിലെല്ലാം വനിതകളുടെ ശബ്ദം ഉയർന്നു കേട്ടു. ഇന്ന് വനിതകൾ അഭിപ്രായം പറയുമ്പോൾ അതിനെ രാഷ്ട്രീയാഭിപ്രായത്തോടെ നേരിടുന്നതിനു പകരം ലൈംഗീക പരിഹാസങ്ങളാണ് ഉണ്ടാകുന്നത്. വനിതാ സാമാജികർ ഭരണസംവിധാനത്തിന്റെ സുപ്രധാന കേന്ദ്രങ്ങളിൽ പോലും അധിക്ഷപത്തിന് ഇരയാകുന്നു. ഇത്തരം അധിക്ഷേപങ്ങൾക്കെതിരെ നിയമനിർമാണ സഭകളിൽ


# നാഷണൽ വിമെൻ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരള 2022

ഒരു സംവിധാനം ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇതിനു വനിതകൾ തന്നെ ഒരു ലക്ഷ്മണരേഖ നിശ്ചയിക്കണം. അത് കടന്നാൽ, ഇത്തരം അഭിപ്രായം പറയുന്നയാൾ ബുദ്ധിമുട്ടേണ്ടി വരുമെന്ന കൃത്യമായ സന്ദേശം അവർക്ക് നൽകണമെന്നും ബൃന്ദാകാരാട്ട് പറഞ്ഞു.

വിവിധ മേഖലകളിലുള്ള വനിതകളെ മോശക്കാരായി സമൂഹ മാധ്യമങ്ങളിൽ ചിത്രീകരിക്കുന്ന പ്രവണതയുണ്ടെന്ന് കനിമൊഴി പറഞ്ഞു. വനിതകളെ മോശക്കാരായി പൊതുയിടങ്ങളിൽ ചിത്രീകരിക്കുന്നതിനെതിരെ ബിൽ കൊണ്ടുവരും. സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള നിയമങ്ങളാണ് സഭയിൽ പാസാക്കുന്നത്. എന്നാൽ ഭൂരിപക്ഷ പുരുഷ സാമാജികരാണ് കാര്യങ്ങൾ നിശ്ചയിക്കുന്നത്. സ്ത്രീ സുരക്ഷയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ സംസ്കാരവും പാരമ്പര്യവും കടന്നുവരുമെന്ന് കനിമൊഴി അഭിപ്രായപ്പെട്ടു. സമൂഹത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിച്ചു വരികയാണെന്നും സ്വാതന്ത്ര്യത്തിനു ശേഷം രാജ്യം കൈവരിച്ച എല്ലാ നേട്ടങ്ങളിലും സ്ത്രീകളുടെ ശക്തമായ പങ്കാളിത്തം ഉണ്ടായിരുന്നത് വിസ്മരിക്കരുതെന്നും ഉത്തരാഖണ്ഡ് സ്പീക്കർ റിതു ഖണ്ഡൂരി പറഞ്ഞു. വനിതകളുടെ ഉന്നമനത്തിനായി ഉത്തരാഖണ്ഡ് സ്വീകരിച്ച വിവിധ നടപടികളും പദ്ധതികളും അവർ വിശദീകരിച്ചു.

വനിതകൾക്ക് കേരളം നൽകുന്ന പ്രാധാന്യത്തെ പ്രകീർത്തിച്ച സ്പീക്കർ 22 വയസുള്ള മേയർ തലസ്ഥാന നഗരത്തിലെ കോർപറേഷൻ ഭരിക്കുന്നതിനെ അഭിനന്ദിച്ചു. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗവിവേചനം പൂർണമായി ഇല്ലാതാക്കുന്നതിനുള്ള ശക്തമായ നീക്കം ഉണ്ടാവണമെന്ന് പുതുച്ചേരി ഗതാഗത മന്ത്രി ചന്ദിര പ്രിയങ്ക പറഞ്ഞു. നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങ് രാഷ്ട്രപതി രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്തു. സ്പീക്കർ എം.ബി. രാജേഷ് രാഷ്ട്രപതിക്ക് ഉപഹാരം സമ്മാനിച്ചു. രാഷ്ട്രപതിയുടെ പത്നി സവിത കോവിന്ദ്, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി ജെ. ചിഞ്ചുറാണി, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സുഭാഷിണി അലി, ആസാമിൽ നിന്നുള്ള എം. എൽ. എ നന്ദിതദാസ്, ബിഹാറിൽ നിന്നുള്ള എം. എൽ. എ പ്രമിത കുമാരി പഞ്ചാബിൽ നിന്നുള്ള അൻമോൾ ഗഗൻ മാൻ എം.എൽ.എ , വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി മോഡറേറ്ററായിരുന്നു. സി.കെ. ആശ എം.എൽ.എ, മുൻ നിയമസഭാംഗം ആർ. ലതാദേവി എന്നിവർ പങ്കെടുത്തു. യു. പ്രതിഭ എം.എൽ.എ സ്വാഗതവും കെ.കെ. രമ എം.എൽ.എ നന്ദിയും പറഞ്ഞു.

## രാഷ്ട്രപതിയുടെ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്



# സ്ത്രീ ശാക്തീകരണം: കേരളം പുതിയ പാതകൾ രൂപപ്പെടുത്തി

**ആ**രോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനു കേരളം പുതിയ പാതകൾ രൂപപ്പെടുത്തിയതായി ഉദ്ഘാടകനായ രാഷ്ട്രപതി രാം നാഥ് കോവിന്ദ് അഭിപ്രായപ്പെട്ടു. രാജ്യമെമ്പാടും പല മേഖലകളിലും സ്ത്രീകൾ പ്രതിസന്ധികൾ മറികടന്നു മുന്നേറുകയാണ്. സായുധ സേനയിൽ വനിതകളുടെ പങ്കാളിത്തം കൂടി. ശാസ്ത്രം, സാങ്കേതികവിദ്യ, എൻജിനീയറിംഗ്, ഗണിതശാസ്ത്രം, നിർവഹണം തുടങ്ങിയ മേഖലകളിലെല്ലാം സ്ത്രീകളുടെ എണ്ണം വർധിക്കുന്നുണ്ട്. കോവിഡ് പ്രതിസന്ധികാലത്തു രാഷ്ട്രത്തിനു കാവൽനിന്ന കൊറോണ യോദ്ധാക്കളിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളായിരുന്നു. ആരോഗ്യ പ്രവർത്തകരുടെ കാര്യത്തിൽ കേരളം വലിയ സംഭാവന നൽകിയിട്ടുണ്ടെന്നും കോവിഡ് പ്രതിസന്ധിയിൽ കേരളത്തിലെ വനിതകൾ നിസ്വാർഥ പരിചരണത്തിന്റെ മാതൃക സൃഷ്ടിച്ചതായും രാഷ്ട്രപതി പറഞ്ഞു.

കഴിഞ്ഞ ഏഴു പതിറ്റാണ്ടിനിടെ സ്ത്രീശാക്തീകരണത്തിൽ ഏറെ മുന്നോട്ടുപോകാൻ രാജ്യത്തിനു കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം നൽകി. രാഷ്ട്രീയ പ്രക്രി

# നാഷണൽ വിമെൻ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരള 2022

യകളിൽ സ്ത്രീകളുടെ മികച്ച പങ്കാളിത്തത്തിലൂടെ മുഴുവൻ സമൂഹത്തിന്റെയും ശാക്തീകരണമാണ് ഉറപ്പാകുന്നത്. രാഷ്ട്രീയത്തിൽ സ്ത്രീകൾ കൂടുതലായി ഇടപെടണം. കൂടുതൽ സ്ത്രീകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും വിജയിക്കുകയും വേണം. ലിംഗാവബോധത്തിൽ അതിവേഗം പുരോഗതിയുണ്ടാകുന്ന കാലമാണിത്. 'ബേട്ടി ബചാവോ ബേട്ടി പഠാവോ' പോലുള്ള പദ്ധതികളിലൂടെ ഇതിന് ആക്കംകൂട്ടാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ സ്ത്രീകൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്നു രാഷ്ട്രപതി ചൂണ്ടിക്കാട്ടി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽപ്പോലും എതിർ ചേരിയിൽ പുരുഷൻമാർ മാത്രമുണ്ടായിരുന്നപ്പോൾ ഇന്ത്യയുടെ പക്ഷത്ത് റാണി ലക്ഷ്മിഭായിയെപ്പോലെ നിരവധി ധീര വനിതകളുണ്ടായിരുന്നു. നിസഹകരണ പ്രസ്ഥാനം മുതൽ ക്വിറ്റ് ഇന്ത്യ വരെ മഹാത്മാഗാന്ധി നയിച്ച നിരവധി സത്യഗ്രഹ സമരങ്ങളിൽ സ്ത്രീകളുടെ വ്യാപക പങ്കാളിത്തമുണ്ടായിരുന്നു. സമൂഹത്തിന്റെ നാനാതുറകളിലുമുള്ള സ്ത്രീകൾ അവരുടെ ഗാർഹിക ഇടങ്ങളിൽനിന്നു പുറത്തുവരികയും പൊതുപ്രക്ഷോഭങ്ങളിൽ വലിയ തോതിൽ പങ്കുചേരുകയും ചെയ്തു. ആ പ്രക്ഷോഭങ്ങളുടെയെല്ലാം ആത്യന്തിക വിജയം സ്ത്രീകളുടെ പങ്കാളിത്തംകൊണ്ടായിരുന്നു.

രാജ്യത്തിന്റെ ഭരണഘടന തയാറാക്കാൻ ഭരണഘടനാ അസംബ്ലി ചേർന്നപ്പോൾ അതിൽ 15 സ്ത്രീകൾ അംഗങ്ങളായിരുന്നു. അതിൽത്തന്നെ മൂന്നു പേർ കേരളത്തിൽനിന്നുള്ളവരായിരുന്നു. ലിംഗവ്യത്യാസമില്ലാതെ എല്ലാ പൗരൻമാർക്കും സാർവത്രിക സമ്മതിദാനാവകാശം നൽകുന്ന അപൂർവ നേട്ടം കൈവരിക്കാൻ തുടക്കത്തിലേ രാജ്യത്തിനു സാധിച്ചു.

സ്ത്രീകൾ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുക മാത്രമല്ല, മത്സരിക്കുകയും ചെയ്തു. ആദ്യ ലോക്സഭയിലേക്ക് 24 പേർ തെരഞ്ഞെടുക്കപ്പെട്ടു. ലോകത്തെ ഏറ്റവും പഴക്കമുള്ള ആധുനിക ജനാധിപത്യ രാജ്യമായ യുണൈറ്റഡ് സ്റ്റേറ്റ്സിൽ സ്ത്രീകൾക്കു വോട്ടവകാശം നേടിയെടുക്കാൻ സ്വാതന്ത്ര്യം ലഭിച്ച് ഒരു നൂറ്റാണ്ടിലേറെ കാത്തിരിക്കേണ്ടിവന്നു. ബ്രിട്ടണിലെ വനിതകളും ഏറെക്കാലം കാത്തിരുന്നു. യൂറോപ്പിൽ സാമ്പത്തികമായി മുന്നേറിയ പല രാജ്യങ്ങളും സ്ത്രീകൾക്കു വോട്ടവകാശം നൽകുന്നതിൽനിന്ന് ഏറെക്കാലം വിട്ടുനിന്നു. എന്നാൽ ഇന്ത്യയിൽ പുരുഷൻമാർ വോട്ട് ചെയ്യുകയും സ്ത്രീകൾക്കു വോട്ട് ചെയ്യാൻ കഴിയാതിരിക്കുകയും ചെയ്ത ഒരു കാലവും ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ ഭരണഘടനാ ശിൽപ്പികൾ പൗരൻമാരെ സ്ത്രീയെന്നോ ജാതിയിലെയോ വർഗങ്ങളിലെ അംഗമെന്നോ വേർതിരിച്ചുകാണാതെ പൗരൻമാരായിത്തന്നെ കണക്കാക്കി. ഇതു പുരാതന കാലംമുതൽതന്നെ രാജ്യം പിന്തുടർന്നിരുന്നു.

ദൈവത്തെ പകുതി പുരുഷനും പകുതി സ്ത്രീയുമായുള്ള അർധനാരീശ്വര സങ്കൽപ്പത്തിൽ കാണുന്ന മറ്റൊരു സംസ്കാരവുമില്ലെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

# സ്ത്രീകൾ പൊതുരംഗത്തേക്കെത്തുന്നതു വിലക്കുന്നത് നിയമ ലംഘനം: ഗവർണർ



**സ്**ത്രീകൾ പൊതുരംഗത്തേക്കെത്തുന്നതിനും പൊതുപ്രവർത്തനം നടത്തുന്നതിനും നിയന്ത്രണമേർപ്പെടുത്തുന്ന പുരുഷാധിപത്യം ഇന്നുമുണ്ടെന്നും ഇതു ഭരണഘടനയുടേയും സ്ത്രീ സംരക്ഷണത്തിനുള്ള നിയമങ്ങളുടേയും ലംഘനമാണെന്നും ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

ഇത്തരം പാർശ്വവത്കരണത്തെ അവഗണിക്കുന്ന നിശബ്ദത വേദനാജനകമാണ്. ഭരണഘടനയിൽ സ്ത്രീക്കും പുരുഷനും തുല്യ പരിഗണനയാണ്. രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ സ്വഭാവമാണത്. രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്കും തുല്യ പങ്കാളിത്തം നൽകാൻ സഹായിക്കുന്നതാണിത്. പുരുഷൻ സ്ത്രീകളോട് ആജ്ഞാപിക്കുന്ന രീതിക്കു മാറ്റം വരണം. പുരുഷൻമാർക്കു ചെയ്യാൻ കഴിയുന്നതിനേക്കാൾ മികച്ച രീതിയിൽ സ്ത്രീകൾക്കു പ്രവർത്തിക്കാൻ കഴിയുന്ന മേഖലകളുണ്ട്. സ്ത്രീകളുടെ ഉന്നമനം എന്ന ലക്ഷ്യത്തിനപ്പുറം സ്ത്രീകൾ നയിക്കുന്ന വികസനം എന്ന ലക്ഷ്യത്തിലേക്കു രാജ്യം നീങ്ങണമെന്നും ഗവർണർ പറഞ്ഞു.

# സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ അതിവേഗ നീതി ഉറപ്പാക്കും: മുഖ്യമന്ത്രി




സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ അതിവേഗ നീതി ഉറപ്പാക്കുമെന്നും കുറ്റവാളികൾ എത്ര ഉന്നതരായാലും നടപടിയുണ്ടാകുമെന്നും ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും ലിംഗനീതി ഉറപ്പാക്കുന്നതിലും ശക്തമായ നടപടികളുമായാണു സർക്കാർ മുന്നോട്ടുപോകുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയ രാജ്യത്തെ ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണു കേരളം. തദ്ദേശ സ്ഥാപനങ്ങളിലെ ചെയർപേഴ്സൺ സ്ഥാനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്തിയ ഏക സംസ്ഥാനവും കേരളമാണ്. സ്ത്രീകളുടെ അവകാശ സംരക്ഷണ കാര്യത്തിൽ സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്തിനു വലിയതോതിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഏറെ ദൂരം പോകാനുമുണ്ട്. എന്നാൽ പല വികസന സൂചികകളിലും രാജ്യശരാശരിയേക്കാൾ മുൻപന്തിയിലെത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്.

ഗർഭസ്ഥശിശു മരണനിരക്കിൽ രാജ്യത്തെ നിരക്ക് 103 (ഒരു ലക്ഷത്തിൽ) ആണ്. എന്നാൽ കേരളത്തിൽ ഇത് 30 മാത്രമേ ഉള്ളൂ. സ്ത്രീകളുടെ ആയൂർദൈർഘ്യം രാജ്യ ശരാശരി 70.7 വർഷമാണ്. എന്നാൽ കേരളത്തിൽ ഇത് 80 വർഷമാണ്. 51 ശതമാനം പെൺകുട്ടികൾ മാത്രമാണു രാജ്യത്ത് ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിനു ചേരുന്നത്. കേരളത്തിൽ ഇത് 83 ശതമാനമാണ്. വനിതാ തൊഴിലാളികളുടെ ദിവസ വേതന ശരാശരി കേരളത്തിൽ 406 രൂപയാണ്. രാജ്യത്തെ ശരാശരി 211 രൂപയാണ്. സംസ്ഥാനത്ത് ഒരു വനിതാ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തിയെടുക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ടെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ കേരളത്തിൽനിന്നുള്ള വനിതകൾ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. വനിതകളുടെ അവകാശ സംരക്ഷണത്തിലും കേരളത്തിലെ വനിതാ മുന്നേറ്റത്തിന്റെ വലിയ ചരിത്രമുണ്ട്. ചാന്നാർ ലഹള, കല്ലുമാല സമരം, തോൽ വിറക് സമരം, മറക്കുട ബഹിഷ്കരണം തുടങ്ങിയവ ഉദാഹരണങ്ങളാണ്. നിയമനിർമാണ സഭകളിലും വനിതാ അംഗങ്ങളുടെ പ്രാതിനിധ്യമുണ്ടായിരുന്നു. ശ്രീമൂലം പ്രജാസഭയിൽ ഡോ. മേരി പുന്നൻ വനിതാ അംഗമായിരുന്നു. 1930കളിൽ ടി. നാരായണിയമ്മ സഭാംഗമായി. രാജ്യത്തിന്റെ ഭരണഘടനാ അസംബ്ലിയിൽ കേരളത്തിൽനിന്ന് അമ്മു സ്വാമിനാഥൻ, ദാക്ഷായനി വേലായുധൻ, ആനി മസ്ക്രീൻ എന്നിവർ അംഗങ്ങളായിരുന്നു. ആദ്യ ലോക്സഭയിലെ 10 വനിതാ അംഗങ്ങളിൽ ഒരാൾ കേരളത്തിൽനിന്നായിരുന്നു. കേരളത്തിന്റെ ആദ്യ മന്ത്രിസഭയിൽ ചരിത്രപരമായ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നത് കെ.ആർ. ഗൗരിയമ്മയായിരുന്നു. കുടുംബശ്രീയുടെ രജത ജൂബിലി വർഷത്തിൽത്തന്നെ രാജ്യത്തെ വനിതാ സാമാജികരുടെ ദേശീയ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാനായതിൽ അഭിമാനമുണ്ട്. മൂന്നു ലക്ഷത്തോളം അയൽക്കൂട്ടങ്ങളിലായി കേരളത്തിലെ 45.85 ലക്ഷം വനിതകൾ ഇന്നു കുടുംബശ്രീയിൽ ഉണ്ട്. സംസ്ഥാനത്തെ വനിതകളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിൽ വലിയ മുന്നേറ്റമുണ്ടാക്കുന്നതാണു കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ.

2016നു ശേഷം വനിതകളുടെ അഭിവൃദ്ധിക്കായി പ്രത്യേക ഇടപെടൽ നടത്താൻ സർക്കാരിനു കഴിഞ്ഞു. വനിതാ ശിശുവികസനത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചു. ജൻഡർ ബജറ്റിലൂടെ സംസ്ഥാന ബജറ്റിന്റെ 25 ശതമാനം വനിതകൾക്കായി നീക്കിവയ്ക്കുന്നു. പൊലീസിലും സർക്കാരിന്റെ മറ്റു വകുപ്പുകളിലും വനിതകൾക്കു പ്രത്യേക പ്രാധാന്യം നൽകി. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പൊലീസും പിങ്ക് പട്രോളും യാഥാർഥ്യമാക്കി. ലൈംഗിക കുറ്റകൃത്യങ്ങൾക്കായി പ്രത്യേക രജിസ്ട്രിയുണ്ടാക്കി. ഇതു രാജ്യത്തുതന്നെ ആദ്യമാണ്. ഗാർഹിക ജോലി ചെയ്യുന്ന വനിതകൾക്കായി പ്രത്യേക പെൻഷൻ പദ്ധതിക്കു രൂപം നൽകാൻ കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

# കേരളത്തിന്റെ ഉയർന്ന സാമൂഹിക സൂചകങ്ങൾക്കു കാരണം സ്ത്രീ ശാക്തീകരണം: സ്പീക്കർ




സ്ത്രീ ശാക്തീകരണത്തിലും ലിംഗനീതിയിലും കേരളം കൈവരിച്ച നേട്ടങ്ങളാണ് ഉയർന്ന സാമൂഹിക സൂചകങ്ങൾ നേടുന്നതിനു ചാലകശക്തിയായതെന്നു നിയമസഭാ സ്പീക്കർ എം.ബി. രാജേഷ്. കേരള നിയമ സഭ സംഘടിപ്പിക്കുന്ന വനിതാ സാമാജികരുടെ ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ സർക്കാരുകളുടേയും സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടേയും കാര്യക്ഷമമായ പ്രവർത്തനഫലമാണു കേരളത്തിന്റെ ഇന്നത്തെ സാമൂഹിക മുന്നേറ്റത്തിനു വഴിവച്ചത്. സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീപോലുള്ള നിരവധി നവീകരണ ഉദ്യമങ്ങൾക്കു കേരളം തുടക്കമിട്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണു കേരളമെന്നും സ്പീക്കർ ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിയിൽ പുരുഷന്മാർക്കൊപ്പം സ്ത്രീകളുമുണ്ടായിരുന്നു. അറിയപ്പെടുന്നതും അറിയപ്പെടാതെപോയതുമായ നിരവധി വനിതാ പോരാളികളുടെ ചരിത്രം പറയുന്നതാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. ഝാൻസിയിലെ റാണി ലക്ഷ്മിബായി മുതൽ കേരളത്തിലെ ക്യാപ്റ്റൻ ലക്ഷ്മി വരെയുള്ളവരെല്ലാം ഇതിന്റെ മുൻനിരയിലുണ്ടായിരുന്നു. സ്ത്രീ മുന്നേറ്റത്തിന്റെ പിന്തുടർച്ചയും ശാക്തീകരണവും സാർഥകമാക്കുന്നതിൽ ഇനിയും ഏറെ ദൂരം സഞ്ചരിക്കാനുണ്ടെന്നും സ്പീക്കർ പറഞ്ഞു.

# രാഷ്ട്രീയത്തിലും ഭരണത്തിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം സുപ്രധാനം: പ്രതിപക്ഷ നേതാവ്

രാഷ്ട്രീയത്തിലും ഭരണത്തിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം സുപ്രധാനമാണെന്നു പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഈ മേഖലകളിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ സ്ത്രീകൾക്കു കഴിയുമെന്നും അദ്ദേഹം പറഞ്ഞു. സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകളും ന്യൂനപക്ഷങ്ങളും ഭിന്നശേഷിക്കാരും പാർശ്വവത്കരിക്കപ്പെടുകയും നിശബ്ദരാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, തുല്യ നീതി, തുല്യ അവസരം തുടങ്ങിയവയിലൂടെ ഈ സാഹചര്യം മറികടക്കാൻ കഴിയും. ഇതിനു വനിതകൾ കൂടുതലായി രാഷ്ട്രീയത്തിലേക്കിറങ്ങണം.

ഏതെങ്കിലും കക്ഷിയിലോ പ്രത്യയശാസ്ത്രത്തിലോ ചേർന്നുകൊണ്ടുമാത്രമല്ല, സ്വതന്ത്രമായി ചിന്തിക്കുകയും ജനോപകാരപ്രദമായ നിലപാടു സ്വീകരിക്കുകയും ചെയ്യുകവഴി സമൂഹവുമായി ബന്ധപ്പെടാൻ കഴിയും. ജനപ്രതിനിധികൾക്കു രാജ്യത്തിന്റെ പ്രവർത്തന രീതിയെ സ്വാധീനിക്കാൻ ശേഷിയുണ്ട്. ഇതിലൂടെ വനിതകളുടെ ശാക്തീകരണത്തിൽ വൻ മാറ്റങ്ങൾ കൊണ്ടുവരാനാകുമെന്നും അദ്ദേഹം പറഞ്ഞു.



"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കയർഫെഡ് ഉല്പാദിപ്പിക്കുന്ന 'കൊക്കോ ഗ്രീൻ', 'കൊക്കോഫെർട്ട്' കയർപിത്ത് കമ്പോസ്റ്റ് എന്നിവ ടെണ്ടർ / ക്വട്ടേഷൻ കൂടാതെ കയർ ഫെഡിൽ നിന്ന് നേരിട്ടുവാങ്ങാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1116/2022/LSGD തീയതി,തിരുവനന്തപുരം, 05-05-2022

---

പരാമർശം:-
1. കയർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 09.04.2021 ലെ CF/QCO/COCOCFERT/2021-22/6511 നമ്പർ കത്ത്
2. 10/01/2022 ലെ സ.ഉ.(സാധാ) നം.52/2022/ത.സ്വ.ഭ.വ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം - 4.13

**<u>ഉത്തരവ്</u>**

കയർ ഫെഡിന്റെ 'കൊക്കോപോട്ട്' പ്രകൃതി സൗഹൃദ ചെടിച്ചട്ടി കാർഷികാനുബന്ധ പ്രൊജക്ടുകൾക്കായി ടെൻഡർ കൂടാതെ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. എയ്റോബിക് കമ്പോസിറ്റിംഗ് സംവിധാനത്തിൽ മീഡിയമായി ഉപയോഗിക്കുന്ന 'കൊക്കോ ഗ്രീൻ' കയർഫെഡ് ഉല്പാദിപ്പിച്ച് ജി.എസ്.റ്റി കൂടാതെ ഒരു കിലോഗ്രാമിന് 12 രൂപ നിരക്കിൽ വിപണനം ചെയ്യുന്നുണ്ട്. അതോടൊപ്പം, മണ്ണിന്റെ ഈർപ്പം നിലനിർത്താൻ സഹായിക്കുന്നതും കാർഷിക വിളകൾക്ക് വളരാൻ അനുകൂല സാഹചര്യമൊരുക്കുന്നതുമായ 'കൊക്കോഫെർട്ട്' കയർപിത്ത് കമ്പോസ്റ്റും കയർഫെഡ് ഉല്പാദിപ്പിച്ച് മേൽ നിരക്കിൽ വിപണനം ചെയ്യുന്നുണ്ട്. പ്രസ്തുത ഉൽപ്പന്നങ്ങളും ടെണ്ടർ / ക്വട്ടേഷൻ കൂടാതെ കയർ ഫെഡിൽ നിന്ന് നേരിട്ടുവാങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് കയർഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ള 'കൊക്കോ ഗ്രീൻ', 'കൊക്കോഫെർട്ട്' - കയർപിത്ത് കമ്പോസ്റ്റ് എന്നിവ, സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക 9.22 ലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള മാർക്കറ്റ് റേറ്റിനേക്കാൾ വാങ്ങൽ നിരക്ക് അധികരിക്കുന്നില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തി, സർക്കാർ ഉത്തരവ് തീയതി മുതൽ 5 വർഷക്കാലം പൂർത്തിയാക്കുന്നതുവരെയുള്ള കാലയളവിൽ, ടെണ്ടർ / ക്വട്ടേഷൻ കൂടാതെ കയർ ഫെഡിൽ നിന്ന് നേരിട്ടുവാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി

നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കയർഫെഡ്, ആലപ്പുഴ - 688012
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

കവിത

# ഓരോ തെരുവും പിന്നിടുമ്പോൾ...



നാസർ ഇബ്രാഹിം

*വര: ഷാബു സോമൻ*

**ഇ**തുവരെ തെളിയാത്ത ഉടഞ്ഞു പോയ
തെരുവ് വിളക്കിന്റെ
കൂർത്ത ചില്ലുകൾ
അമാവാസി നാളിലാണ്
ഏക പൗർണ്ണമിയുടെ
കണ്ണ് കൊത്തിപ്പറിച്ചത്.

വിശക്കുന്ന വേശ്യയുടെ
കീറിയ അടിവസ്ത്രത്തിൽ
നഗരം
പട്ടുനൂലു കൊണ്ട്
കൃത്രിമ ചിത്രപ്പണികൾ ചെയ്യുന്നു.

കീറത്തുണിയിൽ പൊതിഞ്ഞ
എല്ലുന്തിയ കുഞ്ഞിനെ
എരിവ് നീരിന്റെ
അശ്രുകൊണ്ട്
ചേർത്ത് പുണരാൻ
ഒരു ബേപ്പൂർ സുൽത്താനും
ഇനിയും
വന്നു കണ്ടില്ല.
ഇപ്പോൾ മുനയൊടിഞ്ഞ
എന്റെ തൂലികയിലാണ്
ഉറുമ്പുകൾ പടയണി തീർക്കുന്നത്...

പെൺ തെരുവിന്റെ
നെടുകെ പിളർന്ന
അറ്റമില്ലാത്ത നിലവിളികൾ
സ്വീകരണ മുറിയിലെ
അലങ്കാര പ്രദർശനങ്ങളിൽ
ഏറ്റവും വില കുറഞ്ഞതിലേക്ക്
ചുരുങ്ങുന്നു.

ഇതിനിടയിൽ
വഴി തെറ്റി വന്നൊരു
ഉടുതുണിയില്ലാത്ത
പേക്കിനാവ്
നാണം മറക്കാൻ
എന്റെ കവിതയുടെ
തലവാചകത്തെ
ആശ്രയമാക്കുന്നു.
ഓവുചാലിലൂടെ
ഒഴുകുന്ന മുഖം മൂടികൾ
എന്റേതാണെന്ന്
കറുത്ത ഭാഷയിൽ
ആരും പറയരുത്.


ഈറൻ വെയിലിൽ
കിളിർത്തു പൊന്തിയ
ഈയാം പാറ്റകൾ
കണിക്കൊന്നയുടെ
ക്ലാവുഴിഞ്ഞ മഞ്ഞയിലേക്ക്
പറന്നടുക്കുമ്പോൾ
പനിപ്പിടിച്ച സൂര്യൻ
എന്റെ അടുപ്പിനരികിൽ
തീ കായാൻ
വെറുതെ ഇരിക്കുകയായിരുന്നു.





ജ്യോതിടാഗോർ

*വര: ഷാബു സോമൻ*




# പരൽമീനുകളുടെ ചുംബനം

**മാ**സ്ക്കിനാൽ മുഖംമറച്ച് വല്ലപ്പോഴും കടന്നുവരുന്ന മനുഷ്യർക്ക് വെട്ടപ്പെടാതെ അയാൾ ഒളിച്ചുനിന്നു.

പിന്നെ, ദുരന്തകാലം വിജനമാക്കിയിട്ട തെരുവിലേയ്ക്ക് ഇറങ്ങി.

അയാൾക്ക് പോലും തിട്ടമില്ലാത്തത്രയും വർഷങ്ങൾനീണ്ട ഏകാന്തവാസം മുറിഞ്ഞതങ്ങനെയാണ്. പരിഹാസങ്ങളുടെയും അടക്കം പറച്ചിലുകളുടെയും കാരമുള്ളുകളൊഴിഞ്ഞ ഗ്രാമവീഥികൾ അയാളെ നോക്കി പുഞ്ചിരിച്ചു. ഓർമ്മവെച്ചതിൽപ്പിന്നെ കണ്ണാടി നോക്കാതെ വന്നപ്പോൾ തന്റെ മുഖമൊന്ന് കാണണമെന്നാശിച്ചു. മുഖാവരണം നീക്കി, പാതയോരത്തെ ജലാശയത്തിൽ മുഖംനോക്കവെ,

മറ്റുള്ളവരുടെത് പോലെയല്ലാത്ത തന്റെ മുഖം ജീവിതത്തിലാദ്യമായി സുന്ദരമെന്ന് തോന്നി. മറ്റാരെയും കാണാതെ കഴിഞ്ഞുകൂടിയ വർഷങ്ങൾ മായ്ച്ചുകളഞ്ഞ മനുഷ്യമുഖങ്ങൾ ഓർത്തെടുക്കാൻ ശ്രമിച്ചു പരാജയപ്പെട്ട നിമിഷത്തിൽ ജലത്തിൽ നിന്നൂളിയിട്ടുയർന്ന പരൽമീനുകൾ അവന്റെ പ്രതിബിംബത്തെ ചുംബനങ്ങൾ കൊണ്ടുമൂടി.

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Cherthala | 9400725013 | | |
| 6 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 7 | Kannur | 8281009864 | 0497-2707108 | |
| 8 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 9 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 10 | Kottayam | 8281009857 | 0481-2303279 | |
| 11 | Kozhikkode | 8281009863 | 0495-2549105 | |
| 12 | Malappuram | 8281009862 | 0483-2731806 | |
| 13 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 14 | Nangyarkulangara | 8281009853 | 0479-2412219 | |
| 15 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 16 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 17 | Parippally | 8281009848 | 0474-2576111 | |
| 18 | Pathanamthitta | 8281009873 | | |
| 19 | Sulthan Bathery | 8281009865 | 04936-265607 | |
| 20 | Sreekariyam | | 9349109251 | |
| 21 | Thirur | 8281009861 | 0494-2421441 | |
| 22 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 23 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bangalore | 8921861538 | | |
| 29 | Bhavanagar | 9497757231 | 0278-2516620 | |
| 30 | Bhopal | 09303964488 | 0755-2745923 | |
| 31 | Calcutta | 09163342270 | 033-22353029 | |
| 32 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 33 | Delhi | 09958272064 | 011-22544026 | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Surat II | | | |
| 46 | Trichy | 09750125580 | 09750125580 | |
| 47 | Pandurna | 09422857737 | 0716-4220183 | |
| 48 | Chapra | 09939066693 | 08986369244 | |
| 49 | Warud | 09421739326 | 0722-9234223 | |

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം



**Coirfed**

# വേവുന്ന വേനലിലും

## വിളകൾക്കു തണുവായ്, കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം







Customer Care Number :

**0477 2243627**









namasteads.com

**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com




# വലിയ സ്വപ്നങ്ങളോടെ കുതിച്ചുയരുന്ന വെള്ളൂർ കെ.പി.പി.എൽ.



**പി.രാജീവ്**
**(വ്യവസായ, നിയമ, കയർ മന്ത്രി)**

**കേ**ന്ദ്ര സർക്കാരിന്റെ സ്വകാര്യവത്കരണ നയത്തിന്റെ ഭാഗമായി കൈയ്യൊഴിയാൻ തീരുമാനിച്ച വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് പുതുതായി രൂപം നൽകിയ വെള്ളൂർ കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് പ്രവർത്തനമാരംഭിക്കുകയാണ്. കേന്ദ്ര സർക്കാരിൽ നിന്ന് ഏറ്റെടുത്ത് റെക്കോഡ് വേഗതയിലാണ് കേരളത്തിന്റെ സ്വന്തം പേപ്പർ കമ്പനി പുതിയ രൂപത്തിലും ഭാവത്തിലും പ്രവർത്തനമാരംഭിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ കെ.പി.പി.എൽ ഉദ്ഘാടനം നിർവഹിക്കുന്നതിലൂടെ പൊതുമേഖലാ സംരക്ഷണ നയത്തിൽ രാജ്യത്തിന് മുന്നിൽ കേരളം വീണ്ടും മാതൃക സൃഷ്ടിക്കുകയാണ്.

സംസ്ഥാനം നൽകിയ വലിയ പിന്തുണയുടെ പിൻബലത്തിലാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് വെള്ളൂരിൽ പ്രവർത്തനം തുടങ്ങിയത്. കേന്ദ്ര സർക്കാരിന് കീഴിലുള്ള എച്ച്.എൻ.സിയുമായി സംസ്ഥാനം 1972 ൽ കരാർ ഒപ്പിടുകയും 1979ൽ 700 ഏക്കർ ഭൂമി ഏറ്റെടുത്ത് കമ്പനിക്ക് കൈമാറുകയും ചെയ്തു. തടി ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ, വെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ എല്ലാം ഒരുക്കി കേരളം നട്ടുനനച്ച് വളർത്തിയതാണ് എച്ച്.എൻ.എൽ. എന്നാൽ എച്ച്.എൻ.എൽ വിൽക്കാൻ തീരുമാനിച്ച സന്ദർഭത്തിലും, കേരളത്തിന് സ്ഥാപനം കൈമാറണമെന്ന സംസ്ഥാനത്തിന്റെ അഭ്യർത്ഥന പരിഗണിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. ഇതേത്തുടർന്ന് നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ മുമ്പാകെ ലേല പ്രക്രിയയിൽ പങ്കെടുത്താണ് സംസ്ഥാനം വെള്ളൂർ പേപ്പർ കമ്പനി ഏറ്റെടുത്തത്. ട്രിബ്യൂണൽ അവാർഡ് പ്രകാരമുള്ള എല്ലാ ബാധ്യതകളും പൂർണ്ണമായും അടച്ചു തീർത്തു. സംസ്ഥാന സർക്കാരിന് വേണ്ടി കിൻഫ്ര സമർപ്പിച്ച റെസല്യൂഷൻ പദ്ധതി അംഗീകരിച്ച് സ്ഥാപനം കേരളത്തിന് കൈമാറി. മുഖ്യമന്ത്രി പിണറായി വിജയന്റേയും കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റേയും ഇച്ഛാശക്തിയാണ് ലേലത്തിൽ പങ്കെടുത്ത് പോലും പൊതുമേഖലയിൽ നില നിർത്തി ഈ സ്ഥാപനം പ്രവർത്തിപ്പിക്കണമെന്ന തീരുമാനത്തിൽ പ്രതിഫലിച്ചത്.

ഈ വർഷം ജനുവരി ഒന്നിനാരംഭിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിക്കൊണ്ടാണ് കമ്പനിയുടെ പ്രവർത്തനാരംഭം കുറിക്കുന്നത്. 3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി വികസിപ്പിക്കുക എന്നതാണ് നിലവിലെ ലക്ഷ്യം. മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന, പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള സ്ഥാപനമായി കെ.പി.പി.എൽ മാറും. നാലുഘട്ടങ്ങളിലായി വിഭാ





വനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തുമ്പോൾ പേപ്പർ വ്യവസായത്തിലെ മറ്റേതൊരു സ്ഥാപനത്തോടും കിടപിടിക്കുന്ന വിധത്തിൽ ലാഭകരമായ സ്ഥാപനമാക്കി കെ.പി.പി.എല്ലിനെ മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷ. അടച്ചുപൂട്ടലിന്റെ വക്കിലെത്തി, ഇനി ഒരു തിരിച്ചു വരവ് ഉണ്ടാവില്ല എന്ന് തോന്നിപ്പിച്ച സ്ഥാപനമാണ് വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി എന്ന് ആലോചിക്കുമ്പോഴാണ് മാറ്റത്തിന്റെ വ്യാപ്തി ബോധ്യപ്പെടുക.

നാല് ഘട്ടങ്ങളിലായാണ് കെ.പി.പി.എല്ലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തത്. ഒന്നാം ഘട്ടമായി അഞ്ചു മാസംകൊണ്ട് ഫാക്ടറി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി. ഫാക്ടറി നവീകരണത്തിനു മാത്രമായി 34.3 കോടിയാണ് അഞ്ചു മാസത്തേക്ക് വകയിരുത്തിയത്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 152 ജീവനക്കാരെയും മാനേജീരിയൽ കേഡറിൽ 40 പേരെയും നോൺ മാനേജീരിയൽ കേഡറിൽ 112 പേരെയും കെ.പി.പി.എൽ. താൽക്കാലികമായി നിയമിച്ചു. രണ്ടാംഘട്ടത്തിൽ 44.94 കോടി മുതൽ മുടക്കി കെമിക്കൽ മെക്കാനിക്കൽ പ്ലാന്റുകളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ടു.

ഒന്നാം ഘട്ടത്തിൽ നിയമിച്ചവർക്ക് പുറമേ കരാറടിസ്ഥാനത്തിൽ നൂറോളം ജീവനക്കാരെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് മാത്രമായി നിയമിച്ചു. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടെ കമ്പനിയുടെ നിലവിലുള്ള ശേഷി മുഴുവൻ ഉപയോഗിക്കാവുന്ന സ്ഥിതിയിലെത്തും. ഉത്പാദനം പുനരാരംഭിക്കുമ്പോൾ പുറത്തു നിന്ന് വാങ്ങുന്ന പൾപ്പാവും കൂടുതൽ ഉപയോഗിക്കുക. വുഡ് പൾപ്പിംഗ് സ്ട്രീമുകൾക്കൊപ്പം റീസൈക്കിൾ ചെയ്ത പൾപ്പ് കൂടി ഉപയോഗിക്കുന്നതിലൂടെ കെ.പി.പി.എല്ലിന് താൽക്കാലികമായി പ്രവർത്തിക്കാനുള്ള സാഹചര്യമൊരുങ്ങും. ചെറിയ തോതിൽ റീസൈക്കിൾഡ് പൾപ്പ്, വെർജിൻ പൾപ്പ്, മെക്കാനിക്കൽ പൾപ്പ് എന്നിവ പേപ്പർ നിർമാണത്തിനായി ഉപയോഗിച്ചു തുടങ്ങും. പുനരുദ്ധാരണ പദ്ധതി ആസൂത്രണത്തിൽ നേരിയ വീഴ്ച പോലും സംഭവിച്ചിട്ടില്ല എന്നത് അഭിമാനകരമാണ്. ആദ്യ മാസങ്ങൾ പരീക്ഷണഘട്ടമെന്ന നിലയിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

മൂന്നാം ഘട്ടത്തിൽ 650 കോടി രൂപയാണ് നിക്ഷേപം. പ്രവർത്തനമാരംഭിച്ച് ഒമ്പതു മാസമാകുമ്പോൾ പ്രകടമായ മാറ്റം ലാഭത്തിലുണ്ടാകും. പ്രവർത്തനം ആരംഭിച്ചതിനുശേഷം കമ്പനിയുടെ സ്വന്തം സംവിധാനത്തിലൂടെയും ബാങ്കുകളുടെ പിന്തുണയോടെയുമാണ് തുക സമാഹരിക്കുക. നാലാം ഘട്ടമായ 17 മാസം കൊണ്ട് പൂർണ്ണശേഷി കൈവരിക്കുന്ന കമ്പനിയായി വളരുമെന്ന് വിലയിരുത്തുന്നു. മൂന്ന് വർഷത്തിലേറെ അടച്ചുപൂട്ടിയ ഒരു സ്ഥാപനം ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി തുറന്നു പ്രവർത്തിപ്പിക്കുന്നത് രാജ്യത്തിന്റെ വ്യാവസായിക ചരിത്രത്തിൽ ആദ്യമായാണ്. ഫാക്ടറിക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വ്യവസായ വനം വകുപ്പ് മന്ത്രിതലയോഗം ചേർന്നിരുന്നു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ കൈവശമുണ്ടായിരുന്ന തോട്ടത്തിൽ നിന്നും സംസ്ഥാന വനം വകുപ്പിന്റെ തോട്ടത്തിൽ നിന്നും വ്യത്യസ്ത ഇനത്തിലുള്ള തടി സാമഗ്രികൾ അനുവദിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഉടനെ പൂർത്തിയാക്കും.

154.39 കോടി രൂപ ആകെ ചെലവു പ്രതീക്ഷിക്കുന്നതാണ് ആദ്യ രണ്ടു ഘട്ടങ്ങൾ. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ 42,45 ജി.എസ്.എം ന്യൂസ് പ്രിന്റും 5270 ജി.എസ്.എം പ്രിന്റിംഗ് പേപ്പറും ഉത്പാദിപ്പിക്കാൻ കഴിയും. പാക്കേജിംഗ്, പേപ്പർ ബോർഡ് വ്യവസായം ലോകത്താകെ വളർച്ച നേടുന്ന സന്ദർഭമാണിത്. ഇ കോമേഴ്സ്, റീട്ടെയ്ൽ, എഫ്.എം.സി.ജി, ഫാർമസ്യൂട്ടിക്കൽസ്, ഫുഡ് ആന്റ് ബിവറേജ് തുടങ്ങിയ മേഖലകളിലെല്ലാം ദൃശ്യമാണ്. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഒറ്റത്തവണ ഉപയോഗം നിയന്ത്രിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെയും ശേഷി വർധനവിലൂടെയും ഈ സാധ്യതകൾ ഉപയോഗപ്പെടുത്താനാണ് കെ.പി.പി.എൽ ശ്രമിക്കുക.

കേവലം പൊതുമേഖല സംരക്ഷണം എന്നതിനപ്പുറത്തേക്കാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായിരിക്കും കെ.പി.പി.എൽ. അതിനാൽ എച്ച്.എൻ.എല്ലിന്റെ രീതികളുടെ തനിയാവർത്തനമല്ല കെ.പി.പി.എല്ലിലുണ്ടാവുക. തൊഴിലാളികളുടെ ജീവിത ചെലവിനൊപ്പം സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയും ഉത്പാദനക്ഷമതയും കൂടി പരിഗണിച്ചായിരിക്കും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുക. ഉത്പാദന ചെലവ് ആഗോള നിലവാരത്തിന് ഒപ്പം നിർത്താൻ ആവശ്യമായ ക്രിയാത്മക നടപടികൾ സ്വീകരിക്കാൻ മാനേജ്മെന്റിന് പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കും. സർക്കാർ നയപരമായ കാര്യങ്ങളിൽ മാത്രമായിരിക്കും ഇടപെടുക.

ഓരോരുത്തരുടേയും യോഗ്യതയുടേയും പെർഫോമൻസിന്റേയും അടിസ്ഥാനത്തിലായിരിക്കും ഇവിടെ ജീവനക്കാരുടെ തുടർച്ച നിശ്ചയിക്കുക. അടിമുടി പ്രൊഫഷണലായ മാനേജ്മെന്റായിരിക്കും ബോർഡ് മുതൽ താഴോട്ട് ഉള്ളത്. ഓരോ ഘട്ടത്തിലും സ്ഥാപനത്തിന് ആവശ്യമായ രീതിയിൽ മാറ്റം വരുത്താൻ കഴിയുന്ന അയവേറിയ ഘടനയായിരിക്കും തൊഴിലിന്റെ സ്വഭാവത്തിൽ ഉൾപ്പെടെ സ്വീകരിക്കുക. ഉത്പാദന തടസ്സങ്ങളില്ലാതെ, മത്സരക്ഷമവും ലാഭകരമായ പൊതുമേഖലയായി കെ.പി.പി.എല്ലിനെ മാറ്റി തീർത്താൽ മാത്രമേ ഇതാണ് ബദൽ എന്ന് നമുക്ക് അവകാശപ്പെടാൻ കഴിയുകയുള്ളു. പൊതു മേഖല സംരക്ഷിക്കുന്നതിൽ കേരളം പ്രതിജ്ഞാബദ്ധമാണ്. കെ.പി.പി.എൽ അതിന്റെ ഒന്നാന്തരം മാതൃകയും. അസ്തമിച്ചെന്ന് കരുതിയ ഒരു വ്യവസായ സ്ഥാപനം വലിയ സ്വപ്നങ്ങളോടെ കുതിച്ചുയരുന്നത് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രധാന നേട്ടമായി വിലയിരുത്തപ്പെടും.

# മേഖലാ യോഗം



# വർക്കല, കടയ്ക്കാവൂർ കയർമേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് യോഗം ചേർന്നു





**തി**രുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കയർ പ്രോജക്റ്റിന് കീഴിലുള്ള വർക്കല, കടയ്ക്കാവൂർ കയർമേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ മേഖലയിലെ സംഘം പ്രതിനിധികളുടെയും ബന്ധപ്പെട്ടവരുടെയും മേഖലാ യോഗം വർക്കല ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വച്ച് കൂടി. യോഗം അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വക്കേറ്റ് എൻ.സായികുമാർ അധ്യക്ഷത വഹിച്ചു.

വർക്കല, കടയ്ക്കാവൂർ കയർ സർക്കിളിന് കീഴിലുള്ള കയർ സംഘങ്ങളുടെ പ്രവർത്തനത്തിലെ പിന്നോക്കാവസ്ഥ സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തുന്നതിനും ഓട്ടോമാറ്റിക് കയർ സ്പിന്നിംഗ് മെഷീൻ നൽകുക, പ്രവർത്തന മൂലധനത്തിന് ലഭ്യത കുറവ്, കുറഞ്ഞവിലയ്ക്ക് ചകിരി ലഭ്യമാക്കുന്നത്, സംഘം സെക്രട്ടറിമാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്തുക, സംഘങ്ങളുടെ പ്രവർത്തനം നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകുക എന്നീവ സംബന്ധിച്ചുള്ള കാര്യങ്ങൾ യോഗം വിശദമായി ചർച്ച ചെയ്തു തീരുമാനങ്ങൾ കൈക്കൊണ്ടു.

യോഗത്തിൽ കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗം ആർ. സുഭാഷ്, കയർ അഡീഷണൽ ഡയറക്ടർ കെ.നാരായണൻകുട്ടി, കയർ പ്രോജക്റ്റ് ഓഫീസർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി.ശശീന്ദ്രൻ, കയർഫെഡ് ഡയറക്ടർ ബോർഡ് അംഗങ്ങളായ കഠിനംകുളം സാബു, ആർ.അജിത് കുമാർ, കയർ സംഘം പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കയർ വികസന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ, കയർഫെഡ് റീജിയണൽ ഓഫീസർ ആർ.അനിൽ, കയർ പ്രോജക്റ്റ് ഓഫീസിലെയും കയർഫെഡ് റീജിയണൽ ഓഫീസിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

## COIR DEVELOPMENT DEPARTMENT AND COIRFED CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 4 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 5 | Shri. K. Narayanan Kutty,<br>Coir Development Dept. | 0471 2322046 | 9846552820 |
| **II** | **Coir Project Offices** | | |
| 1 | Shri. K.J. Prabhakumar, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri. R. Suresh Babu, Alappuzha | 828109816 | 9572077344 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Smt. P.R. Sindu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri. S.K. Sureshkumar, Kannur | 0497-2705034 | 9744720375 |
| **III** | **Coirfed Head Office** | | |
| 1 | Sri. V.R. Vinod IAS, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Shammi Soman, Finance Manager | | 9633683031 |
| 4 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 5 | Shri. D. Sajeev, Personnel Manager | 9947562237 | |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 6 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 8 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 9 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 10 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 11 | Shri S. Jayaprakash Regional Officer,<br>Alappuzha | 0477-2246272 | 8281009832 |
| 12 | Shri. R. Anil, Regional Officer, Kollam | 0474-2793543 | 8281009829 |
| 13 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 14 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 15 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 16 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 17 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 18 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 19 | Manager, RB Unit | | 9497635914 |
| 20 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 21 | Shri. Baburaj, Central Stores Manager | 0477-2242471 | |







# കനൽ വഴികളിലെ രക്തതാരകം: വാഴമുട്ടം അമ്മു

ആനത്തലവട്ടം ആനന്ദൻ

**1972** മെയ് 3 കയർത്തൊഴിലാളി സമൂഹത്തിന് മറക്കാനാവാത്ത ദിനമാണ്. കയറുപിരിക്കും തൊഴിലാളികളുടെ ഉജ്ജ്വല സമരകഥകളിലൊന്ന് വാഴമുട്ടത്ത് അരങ്ങേറിയ ദിനം. അവകാശ സമരങ്ങൾക്കെതിരെ പോലീസ് നടത്തിയ വെടിവെയ്പിൽ സഖാവ് അമ്മു രക്തസാക്ഷിയാകുകയും നിരവധി തൊഴിലാളികൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത ആ ദിനം ഇന്നും മിടിക്കുന്ന ഹൃദയത്തോടെയല്ലാതെ ഓർത്തെടുക്കാനാവില്ല. ഇന്നു നാം കാണുന്ന ആധുനിക കേരളത്തെ സൃഷ്ടിക്കുന്നതിൽ കയർത്തൊഴിലാളികളും അവരുടെ സമര സംഘടനയും നടത്തിയ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളെ വീണ്ടും ഓർമ്മയിലേക്ക് കൊണ്ടുവരുന്ന ദിനം കൂടിയാണ് അമ്മുവിന്റെ രക്തസാക്ഷിത്വദിനം.

തിരുവനന്തപുരം താലൂക്കിലെ തെക്കൻ മേഖലയിൽ പ്രത്യേകിച്ച് തിരുവല്ലം, വാഴമുട്ടം, കോവളം, പൊഴിയൂർ മേഖലകളിൽ ധാരാളം കയർ തൊഴിലാളികൾ ഉണ്ടായിരുന്നെങ്കിലും ആദ്യകാലത്ത് ഇവരെ യൂണിയന്റെ കീഴിൽ സംഘടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ലേഖകൻ ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റതിനു ശേഷമാണ് ഈ മേഖലയിലെ തൊഴിലാളികളെ യൂണിയനു കീഴിൽ അണിനിരത്തുവാൻ കഴിഞ്ഞത്.

കോവളം മേഖലയിൽ ധാരാളം ചെറുകിട ഉത്പാദകർ വ്യവസായത്തിൽ ഏർപ്പെട്ടിരുന്നു. ജില്ലയിലെ മറ്റു മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടുത്തെ കയർ ഉത്പാദന രീതി തികച്ചും വ്യത്യസ്തമായിരുന്നു. ചിറയിൻകീഴ്, കണിയാപുരം, വർക്കല മേഖലകളിൽ 2025ൽ അധികം റാട്ടുകളുള്ള വൻകിട ഉത്പാദകരുടെ കീഴിലാണ് പതിനായിരക്കണക്കിന് കയർ തൊഴിലാളികൾ പണിയെടുത്തിരുന്നത്. പട്ടിണികൂലി നൽകി ഇവരെ ചൂഷണം ചെയ്യുന്നതിൽ മുതലാളിമാർ പരസ്പരം മത്സരിച്ചു വന്നിരുന്നു. ഈ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ് യൂണിയൻ രംഗത്ത് വരുന്നത്.

ഒരു കുടുംബത്തിലെ അച്ഛനും മക്കളും ഭാര്യയും എല്ലാവരും ചേർന്ന് ജോലി ചെയ്തിരുന്ന സ്വയം സംരംഭക രീതിയാണ് കോവളത്ത് അന്ന് ഉണ്ടായിരുന്നത്. വൻകിട മുതലാളിമാരാണ് പച്ചതൊണ്ട് പൂഴ്ത്തി കൊള്ളലാഭം കൊയ്തിരുന്നത്. അവരിൽ നിന്നും തീ വിലക്ക് അഴുകൽ തൊണ്ട് വാങ്ങി തല്ലിച്ചതച്ച് ചകിരിയാക്കി കയറുപിരിച്ച് ചാലക്കമ്പോളത്തിൽ വിറ്റുകിട്ടുന്ന മിച്ചം കൊണ്ട് വേണമായിരുന്നു ഓരോ കുടുംബത്തിനും കഴിയുവാൻ. ഈ മേഖലയിൽ ജീവസന്ധാരണത്തിന് മറ്റു തൊഴിലുകൾ ഒന്നുംതന്നെ അക്കാലത്ത് ഉണ്ടായിരുന്നില്ല. സൈക്കിളിലും തലച്ചുമടായും ചാലക്കമ്പോളത്തിൽക്കൊണ്ടുപോയി കയർ വിറ്റുകിട്ടുന്ന തുകയിൽ തൊണ്ടിന്റെ വില കിഴിച്ച് ചായ കുടിക്കാനുള്ള തുക പോലും അക്കാലത്ത് മിച്ചം കിട്ടുമായിരുന്നില്ല.

ഈ സാഹചര്യത്തിലാണ് മിനിമം കൂലി ഉറപ്പു വരുത്തുന്നതിനും കുത്തകക്കാരായ തൊണ്ട് മുത ലാളിമാരെ നിലക്കുനിർത്തണമെന്ന് ആവശ്യപ്പെട്ടു വാഴമുട്ടം മേഖലയിൽ ട്രാവൻകൂർ കയർത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ തൊഴിലാളികൾ സമര രംഗത്തേക്ക് കടന്നു വരുന്നത്. ദിവസങ്ങളോളം അവിടെ താമസിച്ച് തൊഴിലാളികളെ സംഘടിപ്പിച്ചു യൂണിയ നിലേക്ക് കൊണ്ടുവരികയും അവരുടെ സമരത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തത് ഓർക്കുമ്പോൾ ഈ ലേഖകന്റെ മനസിൽ അഭിമാനം അലതല്ലാറുണ്ട്.

1970 ൽ സി.ഐ.ടി.യു രൂപീകരണത്തിനു ശേഷം എല്ലാ വിഭാഗം തൊഴിലാളികളുടെയും സമരം ശക്തി പ്പെടുത്തുന്നതിനുള്ള നീക്കം ഉണ്ടായി. ഇതിനെത്തുടർ ന്നാണ് 1971 ൽ കേരളത്തിലെ കയർ തൊഴിലാളി സംഘ ടനകളുടെ ഒരു ഫെഡറേഷൻ ആയി കേരള കയർ വർ ക്കേഴ്സ് സെന്റർ സ്ഥാപിതമാകുന്നത്. അതിനുശേഷം തൊഴിലാളികളുടെ സമരം സംസ്ഥാനാടിസ്ഥാന ത്തിൽ വ്യാപിപ്പിക്കുന്നതിനു് കേരള കയർ വർക്കേഴ്സ് സെന്റർ തീരുമാനിച്ചു.

തിരുവനന്തപുരം ജില്ലയിൽ കണിയാപുരം വരെ യുള്ള മേഖലയിൽ പൊരിഞ്ഞ സമരത്തിലൂടെയാണ് കയർ തൊഴിലാളികൾ 2 രൂപ 40 പൈസ കൂലി നേടി യെടുത്തത്. എന്നാൽ കോവളം മേഖലയിൽ 1 രൂപ 37 പൈസയാണ് കൂലിയായി ലഭിച്ചു വന്നിരുന്നത്. ഈ ദു സ്ഥിതി മനസിലാക്കിയാണ് കോവളം മുപ്പിരി മേഖല യിലെ തൊഴിലാളികൾക്ക് നേരെയുള്ള ചൂഷണത്തിന് അറുതി വരുത്തണമെന്ന് യൂണിയൻ തീരുമാനിച്ചത്.

പക്ഷേ, കോവളത്ത് ചെന്നപ്പോഴാണ് പ്രധാന ചൂഷകൻ തൊണ്ടുമുതലാളിമാരാണെന്ന് മനസിലാ ക്കുന്നത്. അവിടെ ഉത്പാദകർ മഹാഭൂരിപക്ഷവും കുടുംബനാഥന്മാരാണ്. അച്ഛനും മക്കളും കൂട്ടായി ട്ടാണ് പണിയെടുക്കുന്നത്. തൊഴിലാളികളായ ഈ ഉത്പാദകരുടെ സഹായമില്ലാതെ തൊഴിലാളികളെ സംഘടിപ്പിക്കുക എളുപ്പമല്ല. ആദ്യം ഉത്പാദകരുടെ യോഗം വിളിച്ചു ചേർത്തു. തൊണ്ടുവില നിയന്ത്രണം ഏർപ്പെടുത്തിയ സമയമാണിത്. നിയന്ത്രിത വിലയുടെ രണ്ടും മൂന്നും ഇരട്ടി വില ഈടാക്കി വന്നിരുന്ന മുത ലാളിമാർ നിയന്ത്രിത വിലയ്ക്കു തൊണ്ടു നൽകാൻ തയാറായില്ല.

ഈ ലേഖകൻ കൂടെ നിന്നാൽ എല്ലാ ഉത്പാദ കരും ഒരുമിച്ചു നിൽക്കാം എന്ന് അറിയിച്ചു. അങ്ങനെ നാമമാത്ര ഉത്പാദകരുടെയും തൊഴിലാളികളുടെയും ഐക്യം ഊട്ടിയുറപ്പിച്ചു. അങ്ങനെ യോഗത്തിൽ പങ്കെ ടുത്ത എല്ലാവരും പ്രഖ്യാപിത വിലയ്ക്ക് തൊണ്ട് പിടിച്ചെടുക്കാൻ തീരുമാനിച്ചു. തൊണ്ടുതല്ലൽ മെഷീനിൽ തല്ലാൻ കൊണ്ടുപോയ തൊണ്ട് നിറച്ച വള്ളം തടഞ്ഞു തൊഴിലാളികൾ നിയന്ത്രിത വിലയ്ക്ക് തൊണ്ട് നൽകണമെന്ന് ആവശ്യപ്പെട്ടു.

തൊണ്ടു മുതലാളിയെ സഹായിക്കാനെത്തിയ തോക്കുധാരികളായ പോലീസുകാർ യാതൊരു മു ന്നറിയിപ്പും നൽകാതെ 19 റൗണ്ട് വെടിവെച്ചു. വാഴ മുട്ടത്തെ അമ്മു വെടിയേറ്റ് തൽക്ഷണം മരിച്ചു വീണു. നിരവധി സ്ത്രീകൾക്ക് പരിക്കുപറ്റി. തെങ്ങുകൾ മറ ഞ്ഞു നിന്നാണ് പലരും വെടിയുണ്ടയിൽ നിന്നും രക്ഷ പ്പെട്ടത്. വെടിയുണ്ടയുടെ പാടുള്ള തെങ്ങുകൾ അവിടെ ധാരാളമുണ്ടായിരുന്നു.

അമ്മുവിന്റെ മൃതശരീരം പനമ്പള്ളി വിശ്വംഭരനും ഏതാനും സഖാക്കളും ചേർന്ന് റോഡരികിലെ കടയി ലിട്ടു പൂട്ടി. മൃതശരീരത്തിന്റെ ദേഹപരിശോധനയോ പോസ്റ്റുമോർട്ടമോ നടത്താനാവാതെ പോലീസ് കുഴങ്ങി. പോലീസിന്റെ ചതുരോപായങ്ങളും നി ഷ്ഫലമായി. വെടിവെപ്പ് വിവരമറിഞ്ഞു നാടാകെ ഇളകിമറിഞ്ഞു വാഴമുട്ടത്തേക്കു ജനം ഒഴുകിയെത്തി. കൂടുതൽ പോലീസും സംഭവസ്ഥലത്തെത്തി. ബോഡി വീണ്ടെടുത്തേ പോലീസ് മടങ്ങൂ എന്ന നിലയായി. ബോഡി വീണ്ടെടുക്കുന്നതിന് വീണ്ടും വെടിവെപ്പ് നടന്നേക്കുമെന്ന നിലയുമായി. ഉദ്വേഗവും സംഭ്രമവും സൃഷ്ടിച്ച് സമയം കടന്നുപോയി.

വൈകുന്നേരത്തോടെ ഇടത് ഏകോപന സമിതി കൺവീനർ അഴീക്കോടൻ രാഘവൻ സ്ഥലത്തെത്തി, നിയമം അനുസരിക്കണമെന്നും പോലീസ് വെടിവെ പ്പിൽ മരിച്ചുവീഴുന്നവരുടെ മൃതശരീരം പോസ്റ്റ്മോർ ട്ടത്തിന് വിധേയമാക്കാൻ പോലീസിന് വിട്ടുകൊടു ക്കണമെന്നും ഈ ലേഖകനോട് ശാസനരൂപത്തിൽ നിർദ്ദേശിച്ചു. വിട്ടുകൊടുക്കാതിരുന്നാൽ ചിലപ്പോൾ കൂടുതൽ മൃതശരീരങ്ങൾ ഉണ്ടായെന്നു വരും എന്നും പറഞ്ഞു.

വളരെ പണിപ്പെട്ടാണ് പ്രകോപിതരായി നിന്ന തൊ ഴിലാളികളെ അനുനയിപ്പിച്ച് ബോധ്യപ്പെടുത്തി മൃത ദേഹം പോലീസിന് വിട്ടുകൊടുത്തത്. പിറ്റേദിവസം മു തൽ ആ പ്രദേശത്ത് നിരവധി സ്ഥലങ്ങളിൽ വമ്പിച്ച പ്രതിഷേധസമരങ്ങൾ നടന്നു. ഒരു യോഗത്തിൽ അധ്യക്ഷത വഹിച്ച് സോഷ്യലിസ്റ്റ് നേതാവ് പി. വിശ്വം ഭരൻ പറഞ്ഞത് സ്വാതന്ത്രസമര കാലത്ത് പോലും ഈ ക്ഷേത്രമൈതാനത്ത് ഇത്രയും ആള് കൂടിയിട്ടില്ല എന്നാണ്. ആ വിധത്തിൽ അമ്മുവിന്റെ രക്തസാക്ഷി ത്വവുമായി ബന്ധപ്പെട്ട് തൊഴിലാളി സമരം ചരിത്ര സംഭവമായി മാറിയിരുന്നു.

സഖാവ് വെള്ളാർ സുരേന്ദ്രൻ ഒന്നാം പ്രതിയായി മുപ്പിരി മേഖലയിലെ കയർത്തൊഴിലാളി രംഗത്തേയും മറ്റ് പാർട്ടി പ്രവർത്തകരെയും പ്രതിയാക്കി പോലീസി നെ ആക്രമിച്ചു എന്ന പേരിൽ കള്ളക്കേസ് രജിസ്ട്രർ ചെയ്തു കോടതി കയറ്റിയിരുന്നു.

കയർതൊഴിലാളികളുടെ സമരത്തിന് പിന്നാലെ എഴുപതുകളിൽ വിവിധ വിഭാഗം തൊഴിലാളികളുടെ സമരപരമ്പരയ്ക്കും കേരളം സാക്ഷ്യംവഹിച്ചു. സർ ക്കാർ ജീവനക്കാരുടെയും വിദ്യുത്ഛക്തി, ട്രാൻസ് പോർട്ട് തൊഴിലാളികളുടെയും സമരം ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്


അമ്മുവിന്റെ രക്തസാക്ഷിത്വത്തിന് മെയ് മൂന്നിന് അമ്പതാണ്ട് തികയുകയാണ്. അമ്മുവിന്റെ പ്രസ്ഥാനം നടത്തിയ നിരവധി സമര പ്രക്ഷോഭങ്ങൾ കയർ തൊഴിലാളികൾക്ക് മാത്രമല്ല കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശ സമര പോരാട്ട ങ്ങൾക്ക് ആവേശം പകർന്നു. കയർ വ്യവസായം ഇന്ന് അതിജീവനത്തിന്റെ പാതയിലാണ്. ഒരു കാലത്ത് കേരളത്തിന്റെ മാത്രമായിരുന്ന കയർ വ്യവസായം ഇന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചുകഴിഞ്ഞു.

കുറഞ്ഞ വിലയിൽ ചകിരിയും കയറും കേരളത്തി ലടക്കം കമ്പോളത്തിലേക്ക് കടന്നുവരുന്നതു മൂലം സൃഷ്ടിക്കപ്പെടുന്ന പ്രതിസന്ധിയും ചെറുതായി കാണുവാൻ കഴിയില്ല. കൂടാതെ കയറിന് ബദലായ ഉത്പന്നങ്ങളുടെ വരവും പ്രസതിസന്ധിയുടെ ആഘാതം വർദ്ധിപ്പിക്കുന്നു. ഇതിനെയെല്ലാം അതി ജീവിച്ച് നമുക്ക് മുന്നേറേണ്ടതുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ച രണ്ടാം കയർ പുന സംഘടനാ പദ്ധതിയിലൂടെ വ്യവസായത്തെ സംരക്ഷി ക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ഇടതുപക്ഷ ജനാധി പത്യമുന്നണി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.അമ്മുവിനെപ്പോലെയുള്ളവർജീവൻ പകർന്നു നൽകിയ പോരാട്ടത്തിന്റെ കരുത്തുമായി കയർ തൊഴി ലാളി പ്രസ്ഥാനം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ അനവരതം തുടരുകയാണ്.


Coirfed
Coirfed
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
Cocofert
AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH
ഒരു പരിപൂർണ്ണ പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നം
100%
ചകിരിച്ചോറിൽനിന്നുള്ള
ജൈവവളം
മണ്ണിന് കൂട്ടായി ഇനി
കൊക്കോഫെർട്ട്
കൊക്കോഫെർട്ട്
ചകിരിച്ചോറുപയോഗിച്ച് കയർഫെഡ് തയ്യാറാക്കുന്ന തികച്ചും പ്രകൃതിദത്തമായ ജൈവവളമാണ് കൊക്കോഫെർട്ട്. കാർഷികവിളകൾക്കും മറ്റും വളരാൻ അനുകൂല സാഹചര്യമൊരുക്കുന്ന കൊക്കോഫെർട്ട് മണ്ണിനോടൊപ്പം ചേർത്ത് ഉപയോഗിക്കാം. ചെടികളുടെ ആരോഗ്യകരമായ വളർച്ചയെ സഹായിക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഇതിൽ അടങ്ങിയിട്ട്. കൂടാതെ കുറഞ്ഞ വിലയും കൂടുതൽ ഗുണനിലവാരവും. വളരെ എളുപ്പത്തിൽ ആർക്കും ഉപയോഗിക്കാവുന്ന കൊക്കോഫെർട്ടിലൂടെ ഇനി എവിടേയും ചെടികളെ വളർത്താം, മണ്ണിനെ ഫലഭൂയിഷ്ഠമാക്കാം.
The Kerala State Co-operative Coir Marketing Federation Ltd.No. 679
PB. No. 4616, Alappuzha, Kerala, India, Tel: +91 4772243627, 2243628, 2243629, fax: +91 477 2244013
Website: www.coirfed.com, www.coirfed.kerala.gov.in, E-mail: coirfedho@gmail.com, mdcoirfed@gmail.com

**Cocofert**

AN EXCELLENT ORGANIC MANURE CUM SOIL CONDITIONER FROM COIR PITH



100% ചകിരിച്ചോറിൽനിന്നുള്ള ജൈവവളം

## കൊക്കോഫെർട്ടിന്റെ സവിശേഷതകൾ

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെ ശേഷി വർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം

## അടങ്ങിയിരിക്കുന്ന ഘടകങ്ങൾ

| | | |
|---|---|---|
| നൈട്രജൻ (N) | - | 1.25% |
| ഫോസ്ഫറസ് (P) | - | 0.06% |
| പോട്ടാസ്യം (k) | - | 1.20% |
| ലിഗ്നിൻ | - | 4.8% |
| സെല്ലുലോസ് | - | 10.00% |
| ഓർഗ്ഗാനിക് കാർബൺ | - | 24.00% |
| കാൽസ്യം | - | 0.50% |
| മഗ്നീഷ്യം | - | 0.48 % |
| C:N റേഷ്യോ | - | 19.1 |
| കോപ്പർ (PPM) | - | 6.20 |
| അയേൺ (PPM) | - | 0.90 |
| മാംഗനീസ് (PPM) | - | 25.00 |
| സിങ്ക് (PPM) | - | 15.80 |
| മോയിസ്ചർ | - | 50% |
| PH | - | 6.6 - 6.9 |





| | | | | | |
|---|---|---|---|---|---|
| തെങ്ങ് | - 6kg./ ചെടി | തക്കാളി | - 0.3kg./ ചെടി | മാവ് | - 6kg./മരം |
| വാഴ | - 5kg./ ചെടി | പയർ | - 0.3kg./ ചെടി | പൈനാപ്പിൾ | - 1kg./ചെടി |
| കുരുമുളക് | - 5kg./ ചെടി | പടവലം | - 0.5kg./ ചെടി | മുന്തിരി | - 1kg./ചെടി |
| കമുക് | - 5kg./ ചെടി | ചേന | - 0.5kg./ ചെടി | സപ്പോട്ട | - 3kg./ചെടി |
| ഏലം | - 5kg./ കൂട്ടം | ചേമ്പ് | - 0.5kg./ ചെടി | റോസ് | - 0.75kg./ചെടി |
| കാപ്പി | - 5kg./ ചെടി | മഞ്ഞൾ | - 0.1kg./ ചെടി | ആന്തൂറിയം | - 0.5kg./ചെടി |
| തേയില | - 5kg./ ചെടി | ഇഞ്ചി | - 0.1kg./ ചെടി | ഓർക്കിഡ് | - 0.25kg./ചെടി |
| റബ്ബർ | - 2kg./ ചെടി | കാബേജ് | - 0.3kg./ ചെടി | സീനിയ | - 0.25kg./ ചെടി |
| നെല്ല് | - 150kg./ ഏക്കർ | കാരറ്റ് | - 0.1kg./ ചെടി | മുല്ല | - 0.3kg./ചെടി |
| കപ്പ | - 2kg./ചെടി | ബീറ്റ്റൂട്ട് | - 0.1kg./ചെടി | സൂര്യകാന്തി | - 0.5kg./ ചെടി |
| വെറ്റില | - 2kg./ ചെടി | മുളക് | - 0.3kg./ചെടി | ചെത്തി | - 0.3kg./ചെടി |
| കൊക്കോ | - 2kg./ ചെടി | വെ | - 0.3kg./ ചെടി | ജമന്തി | - 0.3kg./ചെടി |
| വാനില | - 1kg./ ചെടി | വഴുതന | - 0.3kg./ ചെടി | തുളസി | - 0.3kg./ ചെടി |
| ജാതി | - 5kg./ ചെടി | വെള്ളരി | - 1 kg./ ചെടി | | |

**കോക്കോഫെർട്ട്**

പ്രകൃതിദത്തമായ ജൈവവളം

പൊതുവാർത്തകൾ

# ദേശീയ കയർ സമ്മേളനത്തിൽ കേരളത്തിനു പ്രശംസ




*കോയമ്പത്തൂരിൽ ദേശീയ കയർ സമ്മേളനം കേന്ദ്രമന്ത്രി നാരായൺ റാണെ ഉദ്ഘാടനംചെയ്യുന്നു.*

**കോ**യമ്പത്തൂർ ദേശീയ കയർ സമ്മേളനത്തിന്റെ ഉദ്ഘാടനവേദിയിൽ കേരളത്തിന് കേന്ദ്രമന്ത്രിയുടെ പ്രശംസ. കേരള മാതൃക പിൻപറ്റി, കയർ വ്യവസായ രംഗത്ത് വികസനം കൈവരിക്കാൻ സംസ്ഥാനങ്ങൾ സഹകരണമേഖലയെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര ചെറുകിട ഇടത്തരം വ്യവസായ മന്ത്രി നാരായൺ റാണെ ആവശ്യപ്പെട്ടു. ദേശീയ കയർ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കയർവ്യവസായമേഖലയിൽ കേരളം നേടിയ വിജയത്തിനു പിന്നിൽ സഹകരണ മേഖയ്ക്ക് വലിയ പങ്കുണ്ട്. ഏതാണ്ട് 800 സഹകരണ സംഘങ്ങൾ കേരളത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. കയർ വ്യവസായം പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും കേരള സർക്കാരിൽ പ്രത്യേക വിഭാഗം തന്നെയുണ്ട്.

രാജ്യത്ത് കേരളത്തിൽ മാത്രമാണ് ഈ സംവിധാനമുള്ളത്. അടുത്തിടെ, തമിഴ്നാട് സർക്കാർ കയർ മേഖലയുടെ വികസനത്തിന് പ്രത്യേക ഡയറക്ട്രേറ്റ് രൂപവത്കരിക്കാൻ തീരുമാനിച്ചതും മാതൃകാപരമാണ്. സമാന രീതിയിൽ, നാളികേരക്കൃഷി കൂടുതലുള്ള എല്ലാ സംസ്ഥാനങ്ങളും കയർ വ്യവസായ മേഖല കൈകാര്യം ചെയ്യാൻ പ്രത്യേക വിഭാഗത്തിന് രൂപം നൽകണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

രാജ്യത്തെ കയർ വ്യവസായത്തിന്റെ മൂല്യം ഒരു ലക്ഷം കോടി രൂപയിൽ എത്തിക്കുകാണ് ലക്ഷ്യമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. കയർ ബോർഡ് ചെയർമാൻ ഡി. കുപ്പുരാമു സ്വാഗതം പറഞ്ഞു. കേന്ദ്ര സഹമന്ത്രി ഭാനുപ്രതാപ് സിംഗ് വർമ അധ്യക്ഷനായി. കയർ വ്യവസായരംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ചവെച്ച കേരളത്തിലെയും തമിഴ്നാട്ടിലെയും സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ കേന്ദ്രമന്ത്രി വിതരണം ചെയ്തു. കേരളത്തിന്റെ മുൻ ധനകയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് രചിച്ച 'ഹിസ്റ്ററി ഓഫ് കയർ' ഉൾപ്പെടെ നാല് പുസ്തകങ്ങൾ കേന്ദ്രമന്ത്രി പ്രകാശനം ചെയ്തു.

കയർബോർഡിന്റെ കോയമ്പത്തൂരിൽ നടന്ന യോഗത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ഐ.എ.എസ് കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് തുടങ്ങിയവർ പങ്കെടുത്തു.



# വാഴമുട്ടം അമ്മു അനുസ്മരണം നടത്തി



**കോ**വളം മിനിമം കൂലിക്കായി കയർ തൊഴിലാളികൾ നടത്തിയ സമരത്തിനിടെ പോലീസ് വെടിവെപ്പിൽ മരിച്ച വാഴമുട്ടം അമ്മുവിന്റെ 50ാം രക്തസാക്ഷിത്വ ദിനം ആചരിച്ചു. ട്രാവൻകൂർ കയർതൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) ആഭിമുഖ്യത്തിൽ വാഴമുട്ടത്തെ അമ്മു രക്തസാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി.


സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ. കെ ഗണേശൻ, ട്രാവൻകൂർ കയർതൊഴിലാളി യൂണിയൻ (സി.ഐ.റ്റി.യു) ജില്ലാ സെക്രട്ടറി അഡ്വ.എൻ.സായികുമാർ, ജില്ലാ പ്രസിഡണ്ട് ആർ.സുഭാഷ്, സി.പി.എം കോവളം ഏരിയ സെക്രട്ടറി അഡ്വ. പി. എസ്.ഹരികുമാർ, സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ പി.രാജേന്ദ്രകുമാർ, എ.ജെ.സുക്കാർണോ, പി.കെ.എസ്. സംസ്ഥാന ട്രഷറർ വണ്ടിത്തടം മധു, സിഐടിയു ഏരിയ സെക്രട്ടറി കരിങ്കട രാജൻ, സി.ഐ.റ്റി.യു ജില്ലാ കമ്മിറ്റി അംഗം എം. എം ഇബ്രാഹിം, ഡിവൈഎഫ്ഐ ജില്ലാ പ്രസിഡണ്ട് വി അനൂപ്, തിരുവല്ലം ഈസ്റ്റ് ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ജി.സനൽകുമാർ, തിരുവല്ലം വെസ്റ്റ് ലോക്കൽ സെക്രട്ടറി കെ . ആർ. ഉണ്ണികൃഷ്ണൻ, ട്രാവൻകൂർ കയർതൊഴിലാളി യൂണിയൻ കോവളം മേഖലാ സെക്രട്ടറി ഡി.ജയകുമാർ, പ്രസിഡന്റ് ആർ. ശശിധരൻ, ട്രഷറർ തമ്പിക്കുട്ടൻ തുടങ്ങിയവർ പങ്കെടുത്തു

# 'ഹിസ്റ്ററി ഓഫ് കയർ' പ്രകാശനം ചെയ്തു




**കേ**രളത്തിലെ കയർ വ്യവസായത്തിലെ വികസന തന്ത്രത്തെക്കുറിച്ച് മുൻ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് രചിച്ച ഗ്രന്ഥം 'ഹിസ്റ്ററി ഓഫ് കയർ' കയർ ബോർഡ് സംഘടിപ്പിച്ച നാഷണൽ കയർ കോൺക്ലേവ് 2022ൽ പ്രകാശനം ചെയ്തു. കോൺക്ലേവ് ഉദ്ഘാടനം ചെയ്ത കേന്ദ്രമന്ത്രി നാരായൺ റാണെയാണ് ഗ്രന്ഥവും പ്രകാശനം ചെയ്തത്.

ഏഴുപതിറ്റാണ്ട് മുമ്പ് 75000 ടൺ കയർ കയറ്റുമതി ചെയ്തിരുന്ന കേരളത്തിലെ കയർ ഉത്പാദനം 2016 ആയപ്പോഴേയ്ക്കും 7800 ടണ്ണായി കുറഞ്ഞിരുന്നു. ഇത് 40000 ടണ്ണായി ഉയർത്താനുള്ള ഒരു വികസനതന്ത്രമാണ് 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കിയത്. സമൂലമായ യന്ത്രവത്ക്കരണം, ഉത്പന്ന വൈവിധ്യവത്കരണം, പുതിയ കമ്പോള വികസനം, സഹകരണ മേഖലയുടെ പുനസംഘാടനം, സ്വകാര്യ മേഖലയ്ക്കു പ്രോത്സാഹനം എന്നിവയായിരുന്നു ഈ തന്ത്രത്തിന്റെ കാതൽ. വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും മനോഭാവത്തിലും പ്രവർത്തനശൈലിയിലും ഒരു മാറ്റംകൊണ്ടുവരുന്നതിനുള്ള സോഷ്യൽ എഞ്ചിനീയറിംഗും പ്രധാനമായിരുന്നു. അതുകൊണ്ട് കയർ ഡയറക്ടറേറ്റിനു പുറമേ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (സി.എം.ഡി.) നേതൃത്വത്തിൽ പുറത്തുനിന്നുള്ള വിദഗ്ദരുടെ ഒരു പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റും പ്രവർത്തിച്ചിരുന്നു.



2017-18 ലാണ് രണ്ടാം കയർ വ്യവസായ പുനഃസംഘടന ആരംഭിച്ചത്. കോവിഡുമൂലം 40000 ടൺ കയർ ഉത്പാദനം എന്ന ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും 2020-21 അവസാനം ഉത്പാദനം 28000 ടണ്ണായി ഏതാണ്ട് നാലുമടങ്ങ് ഉയർന്നു. ഇത്തരത്തിൽ ഒരു പരമ്പരാഗത വ്യവസായത്തെ പുനസംഘടിപ്പിച്ചതിന്റെ അനുഭവങ്ങൾ ഒരു മാനേജ്മെന്റ് കേസ് സ്റ്റഡിയായി സി.എം.ഡി. പ്രസിദ്ധീകരിച്ചിരിക്കുകയാണ്.

ടി.എം. തോമസ് ഐസക്കും അജിത് മത്തായിയുമാണ് ഗ്രന്ഥകർത്താക്കൾ. 300ൽപ്പരം പേജുകളുണ്ട്. ഉത്പാദനച്ചെലവ് മാത്രം വില വാങ്ങി വിതരണം ചെയ്യുന്നതിനാണു സി.എം.ഡി. തീരുമാനിച്ചിട്ടുള്ളത്. ആവശ്യമുള്ളവർക്ക് 300 രൂപ വിലയ്ക്കു സി.എം.ഡി.യിൽ നിന്നും നേരിട്ടു വാങ്ങാവുന്നതാണ്. ബുക്ക് ഡിസൈൻ ഗോഡ്ഫ്രേ ദാസിന്റേതാണ്. കവർ ചിത്രമായി അദ്ദേഹം വരച്ച വാട്ടർ കളർ ചിത്രം കെ.സി.എസ്. പണിക്കരുടെ നാട്ടിൻപുറത്തെ അനുസ്മരിപ്പിക്കുന്നു.

# നിയമസഭാ ലൈബ്രറി നൂറാം വാർഷികാഘോഷം



**നി**യമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ആഘോഷ പരിപാടി മേയ് 6 ന് ആലപ്പുഴ റെയ്ബാൻ ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടക്കുന്ന ആഘോഷ പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എം. ബി. രാജേഷ് നിർവഹിക്കും.

നിയമസഭാ സാമാജികരുടെ രചനകളുടെ പ്രദർശനം, നിയമസഭാ ലൈബ്രറിയെകുറിച്ചുള്ള ലഘു വീഡിയോ പ്രദർശനം, നിയമസഭാ മ്യൂസിയം തയാറാക്കിയ നിയമസഭയെക്കുറിച്ചുള്ള വീഡിയോ പ്രദർശനം എന്നിവ ഉണ്ടായിരിക്കും. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ് എം.എൽ.എ., ലൈബ്രറി ഉപദേശക സമിതി അംഗങ്ങൾ, മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, മുൻ പാർലമെന്റ് അംഗങ്ങൾ, സാമാജികർ, മുൻസാമാജികർ, ലൈബ്രറി കൗൺസിൽ അംഗങ്ങൾ, സാഹിത്യകാരൻമാർ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, വയലാർ ശരത്ചന്ദ്രവർമ്മ എന്നിവർ പങ്കെടുക്കും.

ഉച്ചയ്ക്ക് ശേഷം പ്രമോദ് നാരായൺ എം.എൽ.എ. മോഡറേറ്ററാകുന്ന 'കേരളം സാമൂഹ്യ പരിവർത്തനത്തിന്റെ അക്ഷര വഴികൾ' എന്ന സെമിനാറിൽ കെ.വി. മോഹൻകുമാർ വിഷയം അവതരിപ്പിക്കും, ബെന്യാമിൻ, കുരീപ്പുഴ ശ്രീകുമാർ, രേഖാരാജ് എന്നിവർ ചർച്ചയിൽ പങ്കെടുക്കും. തുടർന്ന് നടക്കുന്ന കലാപരിപാടിയിൽ അമ്പലപ്പുഴ സുരേഷ് വർമ്മയും സംഘവും ഓട്ടൻതുള്ളൽ അവതരിപ്പിക്കും.

# മുഴുവൻ കോർപ്പറേഷനുകളിലും മാലിന്യ നിർമാർജ്ജന പ്ലാന്റ് സ്ഥാപിക്കും: മന്ത്രി

**സം**സ്ഥാനത്തെ മുഴുവൻ കോർപ്പറേഷനുകളും സ്ഥലം കണ്ടെത്തി മാലിന്യ നിർമാർജ്ജന പ്ലാന്റ് സ്ഥാപിക്കുമെന്ന് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അടുത്ത നാലു വർഷം കൊണ്ട് സമ്പൂർണ ശുചിത്വ കേരളം യാഥാർഥ്യമാക്കുകയാണ് ലക്ഷ്യം. ഖര, ദ്രാവക മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതാണ് ഏറ്റവും മികച്ച മാർഗം. ഗ്രാമപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതിനോടകം മികച്ച രീതിയിൽ നടപ്പാക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ച മാലിന്യ നിർമാർജ്ജന പ്ലാന്റ് മികച്ച മാതൃകയാണ്. ശ്രീചിത്ര ഇൻസ്റ്റിറ്റിയൂട്ട്, ആർ.സി.സി. തുടങ്ങിയവ ഉൾപ്പെടുന്ന ഈ ഭാഗത്തെ എല്ലാ തരം മാലിന്യങ്ങളും പ്ലാന്റ് വഴി സംസ്കരിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.



# നാലു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ സമ്പൂർണ ശുചിത്വ നാടാക്കണം: എം.വി. ഗോവിന്ദൻ മാസ്റ്റർ



**വ**രുന്ന നാലു വർഷത്തിനുള്ളിൽ കേരളത്തെ സമ്പൂർണ ശുചിത്വ നാടാക്കി മാറ്റണമെന്നു തദ്ദേശ സ്വയംഭരണ മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ. സർക്കാർ ഓഫിസ് സമുച്ചയങ്ങൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നിർമിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)കളുടെ സംസ്ഥാനതല ഉദ്ഘാടനം വികാസ് ഭവനിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫണ്ട് ഉപയോഗിച്ച് ആദ്യഘട്ടമായി ഒമ്പതു ജില്ലകളിൽ 32 കേന്ദ്രങ്ങൾ നിർമിക്കാനാണു സർക്കാർ തീരുമാനിച്ചിരുന്നത്. ഇതിൽ നിർമാണം പൂർത്തീകരിച്ച 15 കേന്ദ്രങ്ങളാണു സർക്കാരിന്റെ 100 ദിന കർമപരിപാടിയുടെ ഭാഗമായി നാടിനു സമർപ്പിച്ചത്. ഓഫിസുകളിലെ അജൈവ മാലിന്യങ്ങളാണു കളക്ഷൻ സെന്ററുകളിൽ ഹരിത കർമ സേനയുടെ സഹായത്തോടെ ശേഖരിച്ചു തരംതിരിക്കും. തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറും. 500 ചതുരശ്രഅടി വിസ്തീർണ്ണമുള്ള കളക്ഷൻ ഫെസിലിറ്റി കെട്ടിടത്തിന് 10 ലക്ഷം രൂപയാണ് നിർമാണ ചെലവ്.

തിരുവനന്തപുരം ജില്ലയിൽ വികാസ് ഭവൻ, സ്വരാജ്ഭവൻ, പബ്ലിക് ഓഫിസ്, ഫോറസ്റ്റ് ഓഫിസ്, പി.റ്റി.പി നഗർ എന്നിവിടങ്ങളിലും കൊല്ലം ജില്ലയിൽ ഫോറസ്റ്റ് ഓഫിസ്, വിക്ടോറിയ ഹോസ്പിറ്റൽ, പുനലൂർ താലൂക്ക് ഓഫിസ്, ഡിസ്ട്രിക്ട് പോലീസ് ചീഫ് റൂറൽ ഓഫീസ് കൊട്ടാരക്കര, സിറ്റി പോലീസ് കമ്മിഷണർ ഓഫീസ് കൊല്ലം, പത്തനംതിട്ടയിൽ സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ, തൃശൂർ ജില്ലയിൽ ഫോറസ്റ്റ് ഓഫീസ്, കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളജ് ആശുപത്രി, സിവിൽ സ്റ്റേഷൻ, കണ്ണൂർ ജില്ലയിൽ ഫോറസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലാണ് ആദ്യഘട്ടം കളക്ഷൻ ഫെസിലിറ്റി നിർമാണം പൂർത്തിയാക്കിയിട്ടുള്ളത്.

നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ടി.എൻ. സീമ, തിരുവനന്തപുരം വാർഡ് കൗൺസിലർ പാളയം രാജൻ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ ജി.കെ. സുരേഷ്കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി.കെ. ഷിബുജാൻ, സംഘടനാ ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി: വേതനം വർദ്ധിപ്പിച്ചു

**അ**യ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള തൊഴിലാളികളുടെ ദിവസ വേതനം വർദ്ധിപ്പിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. 311 രൂപയായാണ് വേതനം വർദ്ധിപ്പിച്ചത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിലാണ് നഗര തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനവും വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധന നടപ്പിലാക്കും. മാലിന്യ സംസ്കരണ മേഖലയിലും തൊഴിലുറപ്പ് തൊഴിലാളികളെ വിനിയോഗിക്കാനും തീരുമാനമായതായി മന്ത്രി അറിയിച്ചു.

നിലവിലുള്ള 299 രൂപ വേതനമാണ് 311 രൂപയായി വർദ്ധിപ്പിച്ചത്. നഗരപ്രദേശങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജനവും സാമൂഹിക മുന്നേറ്റവും സാധ്യമാക്കിയ മാതൃകാ പ്രവർത്തനത്തിലൂടെ ആയിരക്കണക്കിന് മനുഷ്യരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പാക്കി സർക്കാർ മുന്നോട്ടു കുതിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

# വാട്ടർ സ്ട്രീറ്റ് പദ്ധതി ഉദ്ഘാടനം ചെയ്തു



**കോ**ട്ടയം-വൈക്കം പ്രോജക്ടിലെ മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിലെ വാട്ടർ സ്ട്രീറ്റ് ഉദ്ഘാടനവും കനാൽ സ്ട്രീറ്റ് സന്ദർശനവും സംസ്ഥാന പൊതുമരാമത്ത് ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. വൈക്കം എം.എൽ.എ സി.കെ.ആശ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ തോടുകളുടെയും കനാലുകളുടെയും പാർശ്വഭിത്തികളിൽ കയർ ഭൂവസ്ത്രം വിതാനിക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. 28900 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രത്തിന് പഞ്ചായത്ത് ഓർഡർ നൽകിയിട്ടുണ്ട്.

# ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തും: മുഖ്യമന്ത്രി

**ആ**ധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ നവീകരിക്കാനും മെച്ചപ്പെടുത്താനും നിരവധി പദ്ധതികളാണു സർക്കാർ നടപ്പാക്കുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഈ ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ എഴുന്നൂറോളം സേവനങ്ങൾ ഓൺലൈനാക്കിയതായും മുഖ്യമന്ത്രി പറഞ്ഞു. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമമവും സുതാര്യവുമാക്കുന്നതിനാണ് ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ സംവിധാനത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. റവന്യൂ വകുപ്പിന്റെ പ്രവർത്തനത്തിലെ ചെറിയ മാറ്റങ്ങൾപോലും ജനങ്ങൾക്കിടയിൽ വലിയ തോതിൽ പ്രതിഫലിക്കും. അതുകൊണ്ടുതന്നെ വകുപ്പിനെ നവീകരിക്കുകയെന്നതു സർക്കാരിന്റെ പ്രധാന അജണ്ടയാണ്. ഭൂമിയുടെ കൈവശാവകാശ രേഖ ലഭ്യമാക്കുന്ന നടപടികൾക്കു പ്രാധാന്യം നൽകണം. മതിയായ ഭൂരേഖകൾ ലഭ്യമാകാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കണം. കൈവശാവകാശ രേഖകൾ കൃത്യതയോടെയും സുതാര്യതയോടെയും ലഭ്യമാക്കണം. ഭൂമി തരംമാറ്റുന്നതു സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിന് ശാശ്വത പരിഹാരമായി തരംമാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനാക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഭൂരേഖ ലഭ്യമാക്കുന്നതു സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ ഇത്തരം ഇടപെടലുകളിലൂടെ പരിഹരിക്കാനാണു സർക്കാർ ശ്രമിക്കുന്നത്.

പതിറ്റാണ്ടുകളായി കൈവശമുള്ള ഭൂമിക്കു മതിയായ രേഖകളില്ലാത്തവരെ കണ്ടെത്താനും ഭൂരേഖ ലഭ്യമാക്കാനുമാണു സർക്കാരിന്റെ ശ്രമം. യുണീക് തണ്ടപ്പേർ എന്ന ആശയം രൂപപ്പെടുന്നത് ഇതിന്റെ ഭാഗമായിക്കൂടിയാണ്. ഒരു പൗരന് ഒരു തണ്ടപ്പേർ ആകുന്നതോടെ കൃത്രിമം, ഇരട്ടിപ്പ് തുടങ്ങിയവ ഉണ്ടാകില്ലെന്ന് ഉറപ്പാക്കാനാകും. റവന്യൂ വകുപ്പിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയറിൽ യുണീക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫിസുകളിലും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.






ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന ഒ.ടി.പി. ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ടെത്തി വിരലടയാളം പതിപ്പിച്ചോ തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാം. ബന്ധപ്പെട്ട വില്ലേജ് ഓഫിസർ അതു പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യുണീക് തണ്ടപ്പേർ ലഭിക്കും. ഈ സംവിധാനം നടപ്പാകുന്നതോടെ ഒരു ഭൂ ഉടമയ്ക്കു സംസ്ഥാനത്തെ ഏതു വില്ലേജിൽനിന്നും ഭൂമിയുടേയും അതുമായി ബന്ധപ്പെട്ട സേവനങ്ങളുടേയും വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പ

റിൽ ലഭ്യമാകും. സർക്കാരിനെ സംബന്ധിച്ച് പരിധിയിൽക്കവിഞ്ഞ ഭൂമി ഒരാളുടെ കൈവശമുണ്ടെങ്കിൽ അതു കണ്ടെത്താനുമാകും.

ഭൂരേഖകൾ കൃത്യവും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കാനും ഇതു സഹായിക്കും. യുണീക് തണ്ടപ്പേർ യാഥാർഥ്യമാകുന്നതോടെ കർഷകർക്ക് വിള ഇൻഷുറൻസ്, കാർഷിക സബ്സിഡികൾ തുടങ്ങിയവ ലഭിക്കുന്നതിനു വലിയ തടസങ്ങളുണ്ടാകില്ല. ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജി ലോക്കറിൽ സൂക്ഷിക്കാനാകും. ഭൂമിയുടെ ഉപയോഗവും ക്രയവിക്രയവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ഭൂരിഭാഗം തടസങ്ങളും നീക്കുന്നതിനും കൂടുതൽ സുതാര്യത കൈവരിക്കുന്നതിനും ഇത് സഹായിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നാലു വർഷംകൊണ്ടു കേരളത്തിൽ സമ്പൂർണ ഡിജിറ്റൽ ഭൂസർവേ നടപടികൾ പൂർത്തിയാക്കുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. വകുപ്പിനു കീഴിലെ എല്ലാ സേവനങ്ങളും ഡിജിറ്റലാക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഇതിനോടകം വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളെ ഇ-ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലാദ്യമായി ക്യൂആർ കോഡ് അധിഷ്ഠിതമായ ഇ-പട്ടയങ്ങൾ വിതരണം ചെയ്യാനും വകുപ്പിന് കഴിഞ്ഞു. പട്ടയങ്ങളുടെ രേഖകൾ നഷ്ടപ്പെട്ടാലും വകുപ്പിന്റെ ഡിജിറ്റൽ ലോക്കറിൽ ലഭ്യമാകുമെന്നതാണ് ഇതിന്റെ പ്രത്യേകതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാനത്തെ ആദ്യ യൂണിക് തണ്ടപ്പേർ രസീത് ഗതാഗത മന്ത്രി ആന്റണി രാജു ഏറ്റുവാങ്ങി. പൊതുവിദ്യാഭ്യാസ, തൊഴിൽ മന്ത്രി വി. ശിവൻകുട്ടി മുഖ്യാതിഥിയായി.

കൗൺസിലർ ജയചന്ദ്രൻ നായർ, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.എ. ജയതിലക്, ലാൻഡ് റവന്യു കമ്മീഷണർ കെ. ബിജു, ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ, സബ്കളക്ടർ എം. എസ്. മാധവികുട്ടി, ജില്ലാ വികസന കമ്മിഷണർ ഡോ. വിനയ് ഗോയൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ജനങ്ങളെ തെരുവാധാരമാക്കുന്ന സർക്കാരല്ല കേരളത്തിലേത്: മുഖ്യമന്ത്രി



**വി**കസനത്തിന്റെ ഭാഗമായി ജനങ്ങളെ തെരുവാധാരമാക്കാൻ ഉദ്ദേശിക്കുന്ന സർക്കാരല്ല കേരളത്തിലുള്ളതെന്നും വികസന പദ്ധതികൾക്കായി ഭൂമി വിട്ടു നൽകുന്ന എല്ലാവർക്കും സംതൃപ്തി നൽകുന്ന പുനരധിവാസ പാക്കേജാണു പൂർത്തിയാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ 100 ദിന പദ്ധതിയിൽപ്പെടുത്തി ലൈഫ് മിഷന്റെ ഭാഗമായി പൂർത്തിയാക്കിയ 20,808 വീടുകളുടെ താക്കോൽ കൈമാറ്റത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

നാടിന്റെ പ്രശ്നങ്ങളിൽ ക്രിയാത്മക നടപടികളാണു സർക്കാർ സ്വീകരിക്കുന്നത്. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ കാണാതെയുള്ള വികസനമല്ല നടപ്പാക്കുന്നത്. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണു ലൈഫ് പദ്ധതി. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് ഇത്തരം പദ്ധതികളുടെ ഗുണഫലം വലിയ തോതിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2,95,066 വീടുകൾ ലൈഫ് പദ്ധതിയിലൂടെ പൂർത്തിയാക്കി. അടുത്ത ഒരു മാസംകൊണ്ടുതന്നെ ഇതു മൂന്നു ലക്ഷം കടക്കും.

ലൈഫ് പദ്ധതിയിലെ ഓരോ വീടും പൂർത്തിയാകുന്നതു നാടിനു നൽകുന്ന സന്തോഷം വലുതാണ്. സ്വന്തമായി വീടില്ലാതിരുന്ന മൂന്നു ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോൾ സ്വന്തം വീട്ടിൽ അന്തിയുറങ്ങുന്നതിന്റെ സന്തോഷത്തിലാണ്. സ്വന്തം വീട് എന്നതു ജീവിതത്തിൽ പൂർത്തീകരിക്കാൻ കഴിയാത്ത സ്വപ്നമെന്നു കരുതിയിരുന്നവർപോലുമുണ്ട് ഇക്കൂട്ടത്തിൽ. ഇവരിൽനിന്നുയരുന്ന ആത്മവിശ്വാസം സമൂഹത്തിനു വലിയ ഉണർവാണു നൽകുന്നത്. കഠിനംകുളം



വെട്ടുതുറയിലെ ഐഷാ ബീവിയുടേയും അമറുദ്ദീൻ റെയും രണ്ടു മക്കളുടേയും വീടിന്റെ താക്കോൽ കൈമാറിയപ്പോൾ അവരുടെ കണ്ണുകളിൽ ഈ തിളക്കം കാണാൻ കഴിഞ്ഞു. നല്ലൊരു വീട്ടിൽ താമസിക്കാൻ കഴിയുമ്പോഴുണ്ടാകുന്ന പ്രസരിപ്പാണത്. ഇത് ഒരു കുടുംബത്തിനു മാത്രമുണ്ടാകുന്നതല്ല, മൂന്നു ലക്ഷത്തോളം കുടുംബങ്ങളുടെ മനസാണ് ഈ മുഖങ്ങളിലൂടെ പ്രതിഫലിക്കുന്നത്.

ലൈഫ് പദ്ധതിയിലെ ആദ്യ ഗുണഭോക്തൃ പട്ടിക പൂർത്തിയാക്കുന്നതോടെ പുതിയ കുടുംബങ്ങൾക്കു വീടു നൽകാനുള്ള പദ്ധതിയിലേക്കു കടക്കും. അതിന്റെ ഗുണഭോക്തൃ പട്ടിക അംഗീകാരത്തിന്റെ അവസാന ഘട്ടത്തിലാണ്. നാടിന്റെ സഹകരണം ഇത്തരം കാര്യങ്ങളിൽ ഉണ്ടാകുകയെന്നതു പ്രധാനമാണ്. ഭവന സമുച്ചയങ്ങൾ നിർമിക്കുമ്പോൾ ഭൂമി കുറവു മതിയെങ്കിലും വലിയ ചെലവാണുണ്ടാകുന്നത്. ഇതു മുൻനിർത്തിയാണ് ഓരോ കുടുംബത്തിനും സ്വന്തമായ വീട് എന്നതിനു മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായാണു മനസോടിത്തിരി മണ്ണ് എന്ന പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ചു നടപ്പാക്കുന്നത്. ഇതിനോടു വലിയ പ്രതികരണമാണു ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ സമയബന്ധിതമായി വീടുകൾ നിർമിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനുള്ള സത്വര നടപടികൾ ഉടനുണ്ടാകും. പുതിയ വീടുകൾ നിർമിക്കുന്നതിനു കൂടുതൽ ഭൂമി ആവശ്യമുള്ളതിനാൽ കൂടുതൽ പേർ പദ്ധതിയുമായി സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.

കേരളത്തിലെ പാർപ്പിട സൗകര്യങ്ങൾ വർധിക്കുന്നതും പാവപ്പെട്ടവർക്കു വീടില്ലാത്ത അവസ്ഥയ്ക്കു പരിഹാരം കാണുന്നതും വികസനത്തിന്റെ ഭാഗമായി കാണാത്തവരുണ്ട്. ഇതു വികസനത്തിന്റെ സൂചിക തന്നെയാണ്. വികസനത്തിന്റെ സ്വാദ് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗം മാത്രം അനുഭവിച്ചാൽപോര. നാട്ടിലെ എല്ലാവർക്കും അത് അനുഭവിക്കാനാകണം. സർവതലസ്പർശിയും സാമൂഹിക നീതിയിലധിഷ്ഠിതവുമായി വികസനം സാധ്യമാകുന്നത് അപ്പോഴാണ്. ഇതിനൊപ്പം വൻകിട, ചെറുകിട പദ്ധതികൾ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ നടക്കുകയും ചെയ്യണം.

നടക്കില്ലെന്നു കരുതിയ പല പദ്ധതികളും ഇപ്പോൾ യാഥാർഥ്യമായി നമ്മുടെ കൺമുന്നിലുണ്ട്. ദേശീയ പാത വികസനം, ഗെയിൽ പൈപ്പ് ലൈൻ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ദേശീയപാത വികസനത്തിനു കാസർകോഡ് മുതൽ തിരുവനന്തപുരം വരെ സ്ഥലമേറ്റെടുപ്പിന്റെ വേണ്ടിവന്നു. സ്ഥലമെടുത്തതിന്റെ പേരിൽ ആരും വഴിയാധാരമായിട്ടില്ല. സ്ഥലമേറ്റെടുപ്പിന്റെ ആനുകൂല്യങ്ങളിൽ ആരും ദുഃഖിതരല്ല, എല്ലാവരും സന്തുഷ്ടരാണ്. അത്ര വലിയ തുകയാണു നഷ്ടപരിഹാരമായി സർക്കാർ നൽകുന്നത്. കൂടുതൽ സൗകര്യത്തോടെ, ആഗ്രഹിക്കുന്ന കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്നുവെന്നതാണു സ്ഥലം വിട്ടുനൽകിയവരുടെ അനുഭവം. വികസനത്തിനായി സ്ഥലം വിട്ടുകൊടുക്കേണ്ടിവന്നാൽ കഷ്ടനഷ്ടം അനുഭവിക്കേണ്ടിവരില്ലെന്നതു നാടിന്റെ അനുഭവമായി മാറിയിരിക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലൈഫ് രണ്ടാം ഘട്ടത്തിന്റെ ഗുണഭോക്തൃ പട്ടിക ആഗസ്റ്റ് 16ന് പ്രസിദ്ധീകരിക്കുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ലൈഫ് ഗുണഭോക്താക്കളിൽ സർക്കാരുമായി കരാർ പൂർത്തിയാക്കാനുള്ളവരെ വീടുകളിലെത്തി പ്രശ്നങ്ങൾക്കു പരിഹാരം കാണുന്ന വിപുലമായ നടപടിക്കു സർക്കാർ തുടക്കമിട്ടുകഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

കഠിനംകുളം വെട്ടുതുറയിൽ നടന്ന ചടങ്ങിൽ പഞ്ചായത്തിലെ 16-ാം വാർഡിൽ അമീറുദീന്റെയും ഐഷാ ബീവിയുടെയും വീടിന്റെ താക്കോൽ മുഖ്യമന്ത്രി കൈമാറി. വി. ശശി എം.എൽ.എ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി.ആർ. ഹരിപ്രസാദ്, കഠിനംകുളം പഞ്ചായത്ത് പ്രസിഡൻറ് അജിത അനി, ജില്ലാ പഞ്ചായത്ത് അംഗം ഉനൈസ അൻസാരി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജെഫേഴ്സൺ, വാർഡ് അംഗം റീത്ത നിക്സൺ, ലൈഫ് മിഷൻ സി.ഇ.ഒ. പി.ബി. നൂഹ് തുടങ്ങിയവർ പങ്കെടുത്തു.


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# ഷമ്മി സോമൻ കയർഫെഡ് ഫൈനാൻസ് മാനേജർ

**ക**യർഫെഡിന്റെ ഫൈനാൻസ് മാനേജരായി കേരള സംസ്ഥാന കയർ കോർപ്പറേഷനിലെ ഫൈനാൻസ്മാനേജർ ഷമ്മി സോമന് അഡീഷണൽ ചുമതല നൽകി ഉത്തരവായി.

കയർഫെഡ് ഫൈനാൻസ് മാനേജരുടെ തസ്തിക രണ്ടര പതിറ്റാണ്ടോളമായി ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇടക്കാലത്ത് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം അരുൺ രാജേന്ദ്രൻ നിയമിതനായെങ്കിലും ഏതാനും മാസങ്ങൾക്കുള്ളിൽ ഫൈനാൻസ് മാനേജരുടെ തസ്തികയിൽ നിന്നും അദ്ദേഹം വിടുതൽ വാങ്ങി പോയി. തുടർന്ന് കയർഫെഡ് ഭരണസമിതിയോഗം കയർഫെഡിന്റെ പ്രധാന തസ്തികകളിൽ ഒന്നായ ഫൈനാൻസ് മാനേജരുടെ തസ്തികയിൽ നിയമനം നടത്തുന്നതിനായി കയർ വികസന ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. ഇതിനെതുടർന്നാണ് ഇപ്പോൾ കയർഫെഡിൽ സർക്കാർ അനുമതിയോടെ ഫൈനാൻസ് മാനേജരെ അഡീഷൽ ചുമതലയിൽ നിയമിച്ചിരിക്കുന്നത്.



കയർഫെഡിലെ ഫൈനാൻസ് മാനേജരുടെ വിദ്യാഭ്യാസ യോഗ്യത സി.എ./ഐ.സി.ഡബ്ലിയു.എയും പ്രമുഖ ബിസിനസ് സ്ഥാപനത്തിൽ ഫൈനാൻസ് ആൻഡ് അക്കൗണ്ട്സിൽ മൂന്നു വർഷത്തെ പ്രവർത്തി പരിചയവും ആണ്. ആലപ്പുഴ ജില്ലയിൽ പുന്നമട സ്വദേശിയായ ഷമ്മി സോമൻ ഐ.സി.ഡബ്ലിയു.എ, സി.എസ് (എക്സിക്യൂട്ടീവ്) യോഗ്യതയുമുള്ള ഉദ്യോഗസ്ഥയാണ്. 01.04.2011 മുതൽ സംസ്ഥാന കയർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ ഫൈനാൻസ് മാനേജരായി സേവനമനുഷ്ഠിച്ചു വരികയാണ്. ഈ ചുമതലയ്ക്കു പുറമെയാണ് കയർഫെഡിന്റെ ഫൈനാൻസ് മാനേജരുടെയും ചുമതല നൽകിയിട്ടുള്ളത്.

# സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**2021**ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൃഷാന്ദ് ആർ.കെ സംവിധാനം ചെയ്ത ആവാസ വ്യൂഹമാണ് മികച്ച ചിത്രം. ജോജി എന്ന ചിത്രത്തിന് ദിലീഷ് പോത്തൻ മികച്ച സംവിധായകനുള്ള അവാർഡ് സ്വന്തമാക്കി. ആർക്കറിയാം എന്ന ചിത്രത്തിലൂടെ ബിജു മേനോനും നായാട്ട്, മധുരം, തുറമുഖം, ഫ്രീഡംഫൈറ്റ് എന്നീ ചിത്രങ്ങളിലൂടെ ജോജു ജോർജ്ജും മികച്ച നടൻമാർക്കുള്ള പുരസ്കാരം സ്വന്തമാക്കി. ഭൂതകാലത്തിലെ അഭിനയ മികവിന് രേവതി മികച്ച നടിയായി. ആവാസവ്യൂഹം സംവിധാനം ചെയ്ത കൃഷാന്ദ് ആർ. കെ മികച്ച തിരക്കഥാകൃത്തായപ്പോൾ മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) ശ്യാം പുഷ്കരൻ പുരസ്കാരം നേടി. ജനപ്രീതി നേടിയ ചിത്രം ഹൃദയം.

സജാസ് റഹ്മാൻ, ഷിനോസ് റഹ്മാൻ എന്നിവർ സംവിധാനവും ഷറഫുദ്ദീൻ ഇ.കെ നിർമാണവും നിർവഹിച്ച ചവിട്ട്, താര രാമനുജൻ സംവിധാനം ചെയ്ത കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിർമിച്ച നിഷിദ്ധോ എന്നീ ചിത്രങ്ങൾ മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള പുരസ്കാരം പങ്കുവച്ചു. കളയിലെ ഉജ്ജ്വലമായ അഭിനയത്തിലൂടെ സുമേഷ് മൂർ മികച്ച സ്വഭാവ നടനും ഉണ്ണിമായ പ്രസാദ് ജോജിയിലൂടെ മികച്ച സ്വഭാവ നടിയായും തിരഞ്ഞെടുക്കപ്പെട്ടു.

ഹൃദയത്തിലെ വൈവിധ്യമാർന്ന ഗാനങ്ങൾ ചിട്ടപ്പെടുത്തിയ ഹിഷാം അബ്ദുൾ വഹാബാണ് മികച്ച സംഗീത സംവിധായകൻ. ജോജിയിലൂടെ ജസ്റ്റിൻ വർഗീസ് മികച്ച പശ്ചാത്തല സംഗീതത്തിനുള്ള പുരസ്കാരം നേടി. മിന്നൽ മുരളിയിലെ 'രാവിൽ മയങ്ങുമീ പൂമടിയിൽ....' ആലപിച്ച പ്രദീപ് കുമാറാണ് മികച്ച പിന്നണി ഗായകൻ. കാണെക്കാണെ ('പാൽനിലാവിൻ പൊയ്കയിൽ...') സിത്താര കൃഷ്ണകുമാർ മികച്ച പിന്നണി ഗായികയായി തിരഞ്ഞെടുക്കപ്പെട്ടു. മാസ്റ്റർ ആദിത്യൻ (ചിത്രം– നിറയെ തത്തകൾ ഉള്ള മരം) മികച്ച ബാലതാരമായി(ആൺ), സ്നേഹ അനു (ചിത്രം– തല) മികച്ച ബാലതാരമായും (പെൺ) തിരഞ്ഞെടുക്കപ്പെട്ടു.




മികച്ച കഥാകൃത്ത് ഷാഹി കബീർ (നായാട്ട്), മികച്ച ഛായഗ്രാഹകൻ മധു നീലകണ്ഠൻ (ചുരുളി), മികച്ച ഗാനരചയിതാവ് വി.കെ ഹരിനാരായണൻ (കാടകലം-'കണ്ണീരു കടഞ്ഞു കടിഞ്ഞൂൽ പെറ്റുണ്ടായ...'), മികച്ച ചിത്രസംയോജകൻ മഹേഷ് നാരായണൻ, രാജേഷ് രാജേന്ദ്രൻ (നായാട്ട്), മികച്ച കലാസംവിധായകൻ ഗോകുൽദാസ് എ.വി (തുറമുഖം), മികച്ച സിങ്ക് സൗണ്ട് അരുൺ കുമാർ അശോക്, സോനു.കെ.പി (ചവിട്ട്), മികച്ച ശബ്ദമിശ്രണം ജസ്റ്റിൻ ജോസ് (മിന്നൽ മുരളി), മികച്ച ശബ്ദരൂപകൽപ്പന രംഗനാഥ് രവി (ചുരുളി), മികച്ച മേക്കപ്പ് ആർട്ടിസ്റ്റ് രഞ്ജിത് അമ്പാടി (ആർക്കറിയാം), മികച്ച വസ്ത്രാലങ്കാരം മെൽവി. ജെ (മിന്നൽ മുരളി), മികച്ച ഡബിംഗ് ആർട്ടിസ്റ്റ് (പെൺ) ദേവി എസ് (ദൃശ്യം 2), മികച്ച നൃത്തസംവിധാനം അരുൺലാൽ (ചവിട്ട്), മികച്ച നവാഗത സംവിധായകൻ കൃഷ്ണേന്ദു കലേഷ് (പ്രാപ്പെട), മികച്ച കുട്ടികളുടെ ചിത്രം കാടകലം (നിർമാതാവ് - സുബിൻ ജോസഫ്), മികച്ച വിഷ്വൽ എഫക്ട്സ് ആൻഡ്രൂ ഡിക്രൂസ് (മിന്നൽ മുരളി), മികച്ച പ്രൊസസിംഗ് ലാബ് ലിജു പ്രഭാകർ (രംഗ്റേയ്സ് മീഡിയ വർക്സ്) (ചുരുളി). കഥ തിരക്കഥ എന്നിവയ്ക്കുള്ള പ്രത്യേക ജൂറി അവാർഡ് ഷെറി ഗോവിന്ദൻ (അവനോവിലോന), പ്രത്യേക ജൂറി പരാമർശം ജിയോ ബേബി (ഫ്രീഡംഫൈറ്റ്).

# കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ വിരമിച്ചു



കയർഫെഡിന്റെ അഡ്മിനിസ്ട്രേഷൻ ജനറൽ മാനേജരായി സേവനമനുഷ്ഠിച്ചു വന്ന ബി.സുനിൽ സർവ്വീസിൽ നിന്നും വിരമിച്ചു.

1993 ൽ ആനത്തലവട്ടം ആനന്ദൻ രണ്ടാമതും കയർഫെഡ് പ്രസിഡന്റായി ചുമതലയേറ്റെടുത്ത ഭരണ സമിതിയുടെ കാലത്താണ് ബി.സുനിൽ കയർഫെഡ് സർവ്വീസിൽ പ്രവേശിക്കുന്നത്. ബിരുദവും കംപ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദവും ഉള്ള സുനിൽ യോഗ്യതയുടെയും സേവന പരിചയത്തിന്റെയും മികവിന്റെ അടിസ്ഥാനത്തിലാണ് കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് എന്ന ഓഫീസർ തസ്തികയിൽ നിയമിതനായത്. തുടർന്ന് കയർഫെഡിന്റെ മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു.

ഇക്കാലത്താണ് കയർഫെഡ് നൂതനമായ ഒട്ടേറെ ഉത്പന്നങ്ങൾ വിപണിയിലിറക്കിയത്. തുടർന്ന് 2017 ൽ കയർഫെഡിന്റെ ജനറൽ മാനേജരായി നിയമിതനായി. കയർഫെഡ് ആർ.സി.പി യൂണിറ്റ് വർക്സ് മാനേജർ, കയർ കേരളയുടെ വിവിധ സബ് കമ്മറ്റികളുടെ കൺവീനർ തുടങ്ങിയ ചുമതലകളും തന്റെ സർവ്വീസ് കാലയളവിൽ നിർവ്വഹിക്കുകയുണ്ടായി. കയർഫെഡിന്റെ ബിസ്സിനസ്സ് ആവശ്യങ്ങൾക്കായി വിവിധ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. കയർമേഖലയെക്കുറിച്ച് വളരെ അഗാധമായി അറിവുള്ള ഉദ്യോഗസ്ഥനായിരുന്നു. കയർഫെഡിന്റെ കയർ സംഭരണവും വിപണനവും വിറ്റുവരവും ഗണ്യമായി ഉയർത്തുന്നതിൽ സുനിലിന്റ സേവനവും എടുത്തു പറയേണ്ടതാണ്.

കയർ കേരളയിൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പു വച്ച കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതി വിജയിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതി പ്രകാരം കേരളത്തിലെ 4 ജില്ലകളിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള ചുമതല സർക്കാർ കയർഫെഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതനുസരിച്ച് ഈ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിലും ജനറൽ മാനേജർ എന്ന നിലയിൽ സുപ്രധാന പങ്ക് വഹിച്ചു. 29 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കയർഫെഡിൽ നിന്നും വിരമിക്കുന്ന ജനറൽ മാനേജർ സുനിലിന് കയർഫെഡിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി.

ആലപ്പുഴ കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ ചുങ്കത്തുള്ള ഹാളിൽ വച്ച് നടന്ന യാത്രയയപ്പു സമ്മേളനത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ അദ്ധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെയർമാൻ ജി വേണുഗോപാൽ, കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ എം.എച്ച്.റഷീദ്, കയർഫെഡ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മുൻ ചെയർമാനും ഹരിപ്പാട് നഗരസഭ ചെയർമാനുമായ കെ.എം. രാജു കയർഫെഡ് മുൻ പ്രസിഡന്റ് എസ്.എൽ. സജികുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുൻ ചെയർമാനും കയർഫെഡ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ വി. എസ്. മണി, മുൻ കയർ വകുപ്പ് സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ്. (റിട്ട.), കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ജി.ശ്രീകുമാർ കയർഫെഡ് മുൻ വൈസ് പ്രസിഡന്റ് എം. കെ. ശീമോൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ പി.വി.ശശീന്ദ്രൻ, ആലപ്പുഴ കയർ പ്രോജക്ട് ഓഫീസർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ നേർന്നു സംസാരിച്ചു.

ജനറൽ മാനേജർ ബി.സുനിൽ മറുപടി പ്രസംഗം നടത്തി. യാത്രയയപ്പ് സമ്മേളനത്തിന് കയർഫെഡ് പെഴ്സണൽ മാനേജർ ഡി. സജീവ് സ്വാഗതവും ഡെപ്യൂട്ടി ഫിനാൻസ് മാനേജർ വി. എൻ. ശശികുമാർ നന്ദിയും രേഖപ്പെടുത്തി.

# വിരമിച്ചു





**ക**യർഫെഡ് ജീവനക്കാരായ എൻ.കെ.ബേബി, വി.കെ.ഷൈൻ, എസ്.നാഗപ്പൻ, കെ.എം.സൂദർശനൻ എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചു. കയർഫെഡിന്റെ സ്ഥാപക പ്രസിന്റായിരുന്ന തച്ചടി പ്രഭാകരന്റെ കാലത്താണ് കെ.എം.സുദർശനൻ കയർഫെഡ് സർവ്വീസിൽ പ്രവേശിക്കുന്നത്. 1991 ൽ ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുന്ന ഭരണ സമിതിയുടെ കാലത്താണ് കയർഫെഡിന്റെ മെത്ത നിർമ്മാണ ഫാകടറിയിൽ എൻ.കെ.ബേബിയും എസ്. നാഗപ്പനും സർവ്വീസ് ആരംഭിക്കുന്നത്. തുടർന്ന് 31 വർഷത്തെ സേവനത്തിനുശേഷം കയർഫെഡിന്റെ മെറ്റീരിയൽസ് മാനേജരുടെ ചുമതലയിൽ നിന്ന് ബേബിയും പ്രൊഡക്ഷൻ സൂപ്പർവൈസർ തസ്തികയിൽ നാഗപ്പനും വിരമിക്കുന്നത്. 1993 ൽ സെയിൽസ് പ്രമോഷൻ ആഫീസറായാണ് വി.കെ.ഷൈൻ കയർഫെഡ് സർവ്വീസിൽ പ്രവേശിക്കുന്നത്. കയർഫെഡിന്റെ കേരളത്തിനുപുറത്തുള്ള വിവിധ ഷോറൂമുകളിൽ മാനേജരായി സേവനമനുഷ്ഠിച്ച ശേഷം ആലപ്പുഴ കയർഫെഡിന്റെ ഓഫീസിൽ നിന്നാണ് ഷൈൻ വിരമിച്ചത്. കയർഫെഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് കയർഫെഡിന്റെ വകയായി സമുചിതമായ യാത്രയപ്പ് നൽകി.

യാത്രയയപ്പ് സമ്മേളനത്തിൽ കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം, എക്സി.കമ്മറ്റി അംഗം വി.എസ്.മണി, ഫൈനാൻസ് മാനേജർ ഷമ്മി സോമൻ, ഡപ്യൂട്ടി ഫൈനാൻസ് മാനേജർ വി.എൻ.ശശികുമാർ, പെഴ്സണൽ മാനേജർ ഡി. സജീവ് കയർഫെഡ് എംപ്ലോയീസ് അസ്സോസി,ഷേൻ സി.ഐ.റ്റിയു ജനറൽ സെക്രട്ടറി പി.പ്രജീഷ് തുടങ്ങിയവർ സംസാരിച്ചു. യാത്രയപ്പിന് എൻ.കെ.ബേബി, വി.കെ.ഷൈൻ, എസ്.നാഗപ്പൻ, കെ.എം.സൂദർശനൻ എന്നിവർ നന്ദി പ്രകാശിപ്പിച്ചു.



**എൻ.കെ. ബേബി**



**വി.കെ. ഷൈൻ**



**എസ്. നാഗപ്പൻ**



**കെ.എം.സൂദർശനൻ**



*തൃശൂർ പുന്നയൂർക്കുളം പഞ്ചായത്തിലെ ഉപ്പുങ്ങൽ കടവ് കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിന്റെ ഉദ്ഘാടനം നടന്നു. പഞ്ചായത്തിൽ ആദ്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്.*

# അനുശോചനം



## ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ

**യു.**എ.ഇ. പ്രസിഡന്റ് ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ ഓർമ്മയായി. യു.എ.ഇയും നമ്മുടെ രാജ്യവുമായുള്ള പരസ്പരബന്ധം സുദൃഢമാക്കുന്നതിൽ വലിയ പങ്കാണ് ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ വഹിച്ചിരുന്നത്. യു.എ.ഇയിലെ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്ന കാര്യത്തിൽ അദ്ദേഹം പുലർത്തിയ കരുതൽ എക്കാലവും ഓർമിക്കപ്പെടും. കേരളത്തെയും കേരളീയരെയും സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ വ്യക്തിയായിരുന്നു അദ്ദേഹം. പ്രളയകാലത്ത് അദ്ദേഹം കേരളത്തിനായി നീട്ടിയ സഹായഹസ്തം സ്മരണീയമാണ്. മതനിരപേക്ഷ മനോഭാവംകൊണ്ട് ശ്രദ്ധേയനായ സായിദ് അൽ നഹ്യാൻ എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ സ്വീകാര്യനായിരുന്നു.

യു.എ.ഇ.യുടെ ആധുനികവത്ക്കരണത്തിൽ അദ്ദേഹത്തിന്റെ നിർണായക പങ്കാളിത്തമുണ്ട്. വരും കാലത്തെക്കൂടി കണക്കിലെടുത്ത് വികസനം ഉറപ്പാക്കുന്നതിൽ കാണിച്ച ദീർഘദർശിത്വവും ശ്രദ്ധേയമാണ്. ഊഷ്മളവും സൗഹൃദപൂർണവുമായ ബന്ധം ഇന്ത്യൻ ജനതയുമായി പൊതുവിലും കേരളീയരുമായി പ്രത്യേകിച്ചും എന്നും അദ്ദേഹം പുലർത്തിപ്പോന്നു. അങ്ങേയറ്റം ദുഃഖകരമാണ് ഷെയ്ഖ് ഖലീഫ ബിൻ സായിദ് അൽ നഹ്യാന്റെ വിയോഗമെന്നും അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.



## അഡ്വ. സി.പി. സുധാകര പ്രസാദ്

**മു**ൻ അഡ്വക്കേറ്റ് ജനറലും ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റുമായിരുന്ന അഡ്വ. സി.പി. സുധാകര പ്രസാദ് നിര്യാതനായി. 2006 മുതൽ 2011 വരെയും 2016 മുതൽ 2021 വരെയും 10 വർഷക്കാലം അഡ്വക്കേറ്റ് ജനറൽ ആയിരുന്നു അദ്ദേഹം. സുബ്രഹ്മണ്യൻ പോറ്റിയുടെ ജൂനിയർ ആയിരുന്ന അദ്ദേഹം ആദ്യകാലം മുതൽ പുരോഗമന പ്രസ്ഥാനത്തിനൊപ്പമായിരുന്നു.

ഏൽപ്പിച്ച കാര്യങ്ങൾ കൃത്യമായി പൂർത്തീകരിക്കുന്ന അദ്ദേഹം സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശ്വസനീയമായ അഭിപ്രായങ്ങൾ നൽകിയെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ സംഘടനയെ മുന്നോട്ടു നയിക്കുന്നതിൽ നേതൃപരമായ പങ്കും അദ്ദേഹം വഹിച്ചെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.



*എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്കിലെ മുടക്കുഴ പഞ്ചായത്തിലെ മുടക്കുഴ തോടിന്റെ പാർശ്വഭിത്തികൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നു.*

Coirfed

പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ







മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-05-2022, May 2022




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705